**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 387** **16-09-2025 - ൽ മറുപടിയ്ക്ക്**

**കുടുംബശ്രീ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ,<br>ഡോ. എൻ. ജയരാജ്,<br>ശ്രീ. പ്രമോദ് നാരായൺ,<br>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ വിശദാംശം അറിയിക്കാമോ; സമൂഹത്തിന്റെ നാനാതുറകളിൽ കുടുംബശ്രീ മുഖേന സംഭവിച്ച ക്രിയാത്മകമായ മാറ്റങ്ങൾ എന്തൊക്കെയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | (എ) | ലോകത്തിന് തന്നെ മാതൃകയായ സ്ത്രീ കൂട്ടായ്മയായി കുടുംബശ്രീയെ ഇതിനകം മാറ്റാൻ സാധിച്ചിട്ടുണ്ട്. കേവല ദാരിദ്ര്യ നിർമ്മാർജ്ജനത്തിനായി രൂപീകരിച്ച കുടുംബശ്രീ പ്രസ്ഥാനം ഇന്ന് കേരളത്തിന്റെ സർവ്വോന്മുഖ വികസനത്തിന്റെ ഏജൻസിയായി മാറിയിട്ടുണ്ട്. കുടുംബശ്രീയുടെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. <u>സാമൂഹ്യാധിഷ്ഠിത സംഘടന രൂപീകരണവും കാര്യശേഷി വികസനവും –</u> കുടുംബശ്രീയുടെ മുഴുവൻ പ്രവർത്തനങ്ങളും താഴെക്കിടയിൽ ഫലപ്രദമായി നടപ്പിലാക്കുന്നത് കുടുംബശ്രീ ത്രിതല സംഘടന സംവിധാനങ്ങളായ അയൽക്കൂട്ടങ്ങൾ, എഡിഎസ്, സിഡിഎസ്സുകളാണ്. നിലവിൽ 3.17 ലക്ഷം അയൽക്കൂട്ടങ്ങളിലായി 48.08 ലക്ഷം അംഗങ്ങൾ ഉള്ള വലിയ പ്രസ്ഥാനമായി കുടുംബശ്രീ സംഘടനാ സംവിധാനത്തിന് മാറാൻ സാധിച്ചിട്ടുണ്ട്. 19,470 എഡിഎസ്സുകളും 1070 സിഡിഎസ്സുകളും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത ത്രിതല സംഘടന സംവിധാനത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി ഒട്ടനവധി പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. റെഗുലറായി ഓഡിറ്റിംഗ്, ഗ്രേഡിംഗ് എന്നിവ സമയബന്ധിതമായി നടപ്പിലാക്കാനും സാധിച്ചിട്ടുണ്ട്. ത്രിതല സംഘടനസംവിധാന ഭാരഹവാഹികളുടെ കാര്യശേഷി വികസനം ഉറപ്പുവരുത്തുന്നതിന് വിവിധങ്ങളായ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. മുൻകാലങ്ങളിൽ നടപ്പിലാക്കിയ ബാക് ടു സ്കൂൾ, കുടുംബശ്രീ സ്കൂൾ, ചുവട് എന്നിവ ചില ഉദാഹരണങ്ങളാണ്.<br><br>2. <u>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് ഏജൻസി</u> - കേന്ദ്ര സംസ്ഥാന സർക്കാറുകളുടെ വിവിധ |

പദ്ധതികളുടെ നടത്തിപ്പ് ഏജൻസി ആയും നിലവിൽ കുടുംബശ്രീ പ്രവർത്തിക്കുന്നു. ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM), ദേശീയ നഗര ഉപജീവന മിഷൻ (NULM), പ്രധാനമന്ത്രി ആവാസ് യോജന (PMAY), ദീൻദയാൽ ഉപാധ്യായ കൗശൽ യോജന (DDUGKY), സ്റ്റാർട്ട് അപ് വില്ലേജ് എന്റർപ്രൈസസ് പ്രോഗ്രാം (SVEP) തുടങ്ങി വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് ഏജൻസിയായി കുടുംബശ്രീ പ്രവർത്തിക്കുന്നു.

3. <u>യുവതികളുടെ സമഗ്ര വികസനത്തിനുള്ള ഇടപെടൽ</u> - യുവതികളുടെ സാമൂഹ്യ-സാംസ്കാരിക-വിദ്യാഭ്യാസ-ഉപജീവന വികസനം ലക്ഷ്യം വച്ചുകൊണ്ട് 18-നും 40-നും ഇടയിൽ പ്രായമുള്ള യുവതികളെ ഉൾപ്പെടുത്തികൊണ്ട് വാർഡ് തലങ്ങളിൽ യുവതി കൂട്ടായ്മയായി ഓക്സിലറി ഗ്രൂപ്പ് രൂപീകരിച്ചു വരുന്നു. ഇപ്രകാരം 19,472 ഗ്രൂപ്പുകൾ രൂപീകരിക്കാനും 3 ലക്ഷത്തോളം അംഗങ്ങളെ ഉൾച്ചേർക്കാനും സാധിച്ചു. ഓക്സിലറി ഗ്രൂപ്പിന്റെ ശാക്തീകരണത്തിനായി മീറ്റ് ദ ന്യൂ, ഓക്സോ മീറ്റ്, ഓക്സെല്ലോ ക്യാമ്പെയിൻ എന്നിവ സംഘടിപ്പിച്ചു.

<u>4. സ്പെഷ്യൽ അയൽക്കൂട്ട രൂപീകരണം</u> - പ്രത്യേക പരിഗണന ആവശ്യമുള്ള വിഭാഗങ്ങളുടെ സമഗ്ര വികസനം മുൻ നിർത്തിക്കൊണ്ട് പ്രത്യേക വിഭാഗങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് സ്പെഷ്യൽ അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് പ്രവർത്തിച്ച് വരുന്നു. 25,992 വയോജന അയൽക്കൂട്ടങ്ങളിലായി 2.83 ലക്ഷം വയോജനങ്ങളെ ഉൾച്ചേർക്കാൻ സാധിച്ചിട്ടുണ്ട്. 3352 ഭിന്നശേഷി അയൽക്കൂട്ടവും, 48 ട്രാൻസ്ജൻഡർ അയൽക്കൂട്ടവും രൂപീകരിക്കുവാൻ സാധിച്ചു. പ്രത്യേക പരിഗണന ആവശ്യമുള്ള ഈ വിഭാഗങ്ങളുടെ ആരോഗ്യ, സാമൂഹ്യ, സാംസ്കാരിക ഉന്നമനത്തിനുള്ള വിവിധ പരിപാടികൾ നടത്തി വരുന്നു.

5. <u>കുടുംബശ്രീ റേഡിയോ</u> - കുടുംബശ്രീ വാർഷികത്തോടനുബന്ധിച്ച് കുടുംബശ്രീ സ്വന്തമായി 'റേഡിയോശ്രീ' എന്ന പേരിൽ ഓൺലൈൻ റേഡിയോയ്ക്ക് തുടക്കം കുറിച്ചു. റേഡിയോശ്രീ വഴി കുടുംബശ്രീ പ്രവർത്തനങ്ങളെ കുറിച്ച് പൊതുസമൂഹത്തിന് ധാരണ സൃഷ്ടിക്കുന്ന രീതിയിലുള്ള വിവിധ പരിപാടികൾ നടത്തി വരുന്നു. ഇതിനകം 4 ലക്ഷം കുടുംബശ്രീ അംഗങ്ങൾ റേഡിയോശ്രീ ആപ്പ് ഡൗൺലോഡ് ചെയ്തിട്ടുണ്ട്.

6. <u>മാതൃകാ സിഡിഎസ്സുകൾ</u> - കേരളത്തിലെ 941 ഗ്രാമ സിഡിഎസ്സുകളിൽ 319 സിഡിഎസ്സുകളെ

മാതൃകാ സിഡിഎസ്സുകളായി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി വരുന്നു. ഇതു വഴി മികച്ച ഭരണ നിർവ്വഹണ സിഡിഎസ്സുകളായി വികസിപ്പിക്കാനും, സാമ്പത്തിക സുസ്ഥിരത ഉള്ള സിഡിഎസ്സുകളായി മാറ്റുവാനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.

7. VPRP - വില്ലേജ് പോവർട്ടി റിഡക്ഷൻ പ്ലാൻ – തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക കർമ്മപദ്ധതിയിൽ താഴെക്കിടയിലുള്ള ആളുകളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും ശാസ്ത്രീയമായ രീതിയിൽ അപഗ്രഥിച്ച് ഡിമാൻഡ് പ്ലാൻ തയ്യാറാക്കുന്ന പ്രവർത്തനമാണ് VPRP. ഇതുവഴി ആളുകളുടെ അവകാശ പദ്ധതികൾ സാമൂഹ്യ വികസന പദ്ധതികൾ, അടിസ്ഥാന സൗകര്യ പദ്ധതികൾ, ഉപജീവന പദ്ധതികൾ എന്നിവ ആസൂത്രണം ചെയ്യാൻ സാധിച്ചു. കഴിഞ്ഞ 4 വർഷവും ഗ്രാമീണ സിഡിഎസ്സുകളിൽ VPRP നടപ്പിലാക്കുകയും, ഗ്രാമ പഞ്ചായത്ത് വികസന പദ്ധതികളിലേയ്ക്ക് പ്രസ്തുത പ്ലാൻ ഉൾപ്പെടുത്തുവാനും സാധിച്ചു.

8. കുടുംബശ്രീ കന്നഡ സ്പെഷ്യൽ പ്രോജക്ട് - ഭൂമിശാസ്ത്രപരമായ സവിശേഷതകളാലും സാമൂഹിക സാംസ്കാരിക വൈവിധ്യങ്ങളാലും സമ്പന്നമായ പ്രദേശമാണ് കാസറഗോഡ് ജില്ലയുടെ വടക്ക കിഴക്കൻ മേഖല. കന്നഡഭാഷ സംസാരിക്കുന്ന ജനങ്ങൾ അധിവസിക്കുന്ന പതിനഞ്ചോളം തദ്ദേശസ്ഥാപനപ്രദേശങ്ങൾ കാസറഗോഡ് ജില്ലയിലുണ്ട്. ഈ പ്രദേശങ്ങളിലും കുടുംബശ്രീമിഷൻ മറ്റു സ്ഥലങ്ങളിലെന്ന പോലെ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും വേരുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ എന്നിട്ടും ദാരിദ്ര ലഘൂകരണത്തിലും സ്ത്രീശാക്തീകരണത്തിലും കാസറഗോഡ് ജില്ലയിലെ ഇതര പ്രദേശങ്ങളിൽ കൈവരിച്ച നേട്ടങ്ങൾക്ക് ആനുപാതികമായ വളർച്ച കന്നഡ ന്യൂനപക്ഷ മേഖലയിൽ കൈവരിക്കാൻ സാധിച്ചിട്ടില്ല . ഈ ഒരു സാഹചര്യത്തിലാണ് കുടുംബശ്രീ മിഷൻ കന്നഡ ഭാഷാന്യൂനപക്ഷ മേഖലയിൽ പ്രത്യേക ഇടപെടലുകൾ നടത്തുന്നതിനായി കന്നഡ സ്പെഷ്യൽ പ്രൊജക്റ്റ് 2022- 23 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നത്. പതിനഞ്ചോളം പഞ്ചായത്തുകളിൽ പ്രത്യേക പരിശീലനം നൽകിയ മലയാളം കന്നഡ ഭാഷ കൈകാര്യം ചെയ്യുന്ന 30 കമ്മ്യൂണിറ്റി മെന്റർമാരെ നിയോഗിച്ചു. കുടുംബശ്രീ സംഘടനാ വിപുലീകരണം, ശാക്തീകരണം, സൂക്ഷ്മസാമ്പത്തിക പ്രവർത്തനങ്ങൾ, ഉപജീവന മേഖല അഭിവൃദ്ധിപ്പെടുത്തൽ, പാർശ്വവല്കൃതസമൂഹങ്ങളുടെ ഉന്നമനം, ലിംഗസമത്വ

പ്രചാരണം, വിദ്യാഭ്യാസ, ശുചിത്വ, ആരോഗ്യ മേഖലകളിൽ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ തുടങ്ങിയവ കമ്മ്യൂണിറ്റിമെന്റർമാർ വഴി നടപ്പിലാക്കി. നിലവിൽ മഞ്ചേശ്വരം, കാറഡുക്ക, കാസറഗോഡ് ബ്ലോക്കിലെ 15 പഞ്ചായത്തുകളിൽ മറ്റു കുടുംബശ്രീ സിഡിഎസുകളോട് കിടപിടിക്കുന്ന മികച്ച മാറ്റം ഉണ്ടാക്കിയെടുക്കുവാൻ സാധിച്ചിട്ടുണ്ട്.

9. വയനാട് മേപ്പാടി ദുരന്തനിവാരണ പ്രവർത്തനങ്ങൾ - 2024 -ൽ വയനാട് മേപ്പാടിയിലുണ്ടായ പ്രളയദുരന്തത്തിന്റെ ഭാഗമായി നിരവധിയായ പുനരധിവാസ പ്രവർത്തനങ്ങളാണ് കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കിയത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

എ) ഞങ്ങളും കൂടെയുണ്ട് ക്യാമ്പയിൻ - ദുരന്തത്തിന് ഇരയായ കുടുംബങ്ങൾക്ക് ആവശ്യമായ പിന്തുണ നല്കുന്നതിന് വേണ്ടി കേരളത്തിലെ മുഴുവൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളും ചേർന്ന് 20.5 കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സ്വരൂപിച്ചു.

ബി) കൗൺസിലിംഗ് സർവ്വീസ് – ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, വനിതാ-ശിശു വികസന വകുപ്പ് എന്നിവരുമായി ചേർന്ന് ദുരന്തത്തിന് ഇരയായവർക്കാവശ്യമായ കൗൺസിലിംഗ് കുടുംബശ്രീ കമ്മ്യൂണിറ്റി കൗൺസിലർമാരുടെ നേതൃത്വത്തിൽ നല്കി.

സി) ദുരിതാശ്വാസ ക്യാമ്പുകളുടെ ശുചീകരണം – ഹരിതകർമ്മസേനയുടെ നേതൃത്വത്തിൽ മുഴുവൻ ദുരിതാശ്വാസ ക്യാമ്പുകളിലെ ശുചീകരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാൻ സാധിച്ചു. വയനാട് ജില്ലയിലെ 743 ഹരിതകർമ്മസേന പ്രവർത്തകർ ഇതിൽ പങ്കാളികളായി.

ഡി) കമ്മ്യൂണിറ്റി മെന്ററിംഗ് പ്രോഗ്രാം – ദുരന്തത്തിന് ഇരയായ കുടുംബങ്ങൾക്ക് റെഗുലറായ പിന്തുണ നല്കുന്നതിന് വേണ്ടി ദുരന്തത്തിന് ഇരയായ കുടുംബങ്ങളിൽ നിന്നും ബിരുദ യോഗ്യതയുള്ളവരെ തിരഞ്ഞെടുത്ത് ആവശ്യമായ പരിശീലനം നല്കി കമ്മ്യൂണിറ്റി മെന്റർമാരായി നിയമിച്ചു. ദുരന്തത്തിന് ഇരയായ കുടുംബങ്ങളിലും ആഴ്ചയിൽ ഒരു ദിവസം സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങൾ കേൾക്കാനും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് ജില്ലാഭരണ കൂടവും കമ്മ്യൂണിറ്റിയും തമ്മിലുള്ള പാലമായി പ്രവർത്തിച്ചു. കമ്മ്യൂണിറ്റി മെന്ററിംഗിന്റെ

ഭാഗമായി മുഴുവൻ കുടുംബങ്ങൾക്കും ആവശ്യമായ പിന്തുണ നല്കുന്നതിന് സാധിച്ചു.

ഇ) ഫാമിലി സർവ്വേ - ജില്ലാഭരണകൂടത്തിന്റെ നിർദ്ദേശ പ്രകാരം ദുരന്തത്തിന് ഇരയായ കുടുംബങ്ങളുടെ വിശദമായ ഫാമിലി സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കാൻ സാധിച്ചു.
എഫ്) മൈക്രോ പ്ലാൻ തയ്യാറാക്കൽ - ദുരന്തത്തിന് ഇരയായ കുടുംബങ്ങളുടെയും ഉപജീവന, ആരോഗ്യ, വിദ്യാഭ്യാസ മേഖലയിലെ ആവശ്യങ്ങൾ സൂക്ഷ്മമായി മനസ്സിലാക്കികൊണ്ട് കുടുംബശ്രീയുടെ നേതൃത്വത്തിൽ മുഴുവൻ കുടുംബങ്ങളുടെ മൈക്രോ പ്ലാൻ തയ്യാറാക്കി.

10. <u>അരങ്ങ് കലോത്സവം</u> – അയൽക്കൂട്ട/ഓക്സിലറി അംഗങ്ങളുടെ സർഗ്ഗാത്മ കഴിവുകൾ പരിപോഷിപ്പിക്കാനും പ്രദർശിപ്പിക്കാനും വേണ്ടി കുടുംബശ്രീയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അരങ്ങ് കലോത്സവം. ചരിത്രത്തിലാദ്യമായി കഴിഞ്ഞ 3 വർഷവും എഡിഎസ് തലം തൊട്ട് സംസ്ഥാനതലം വരെയുള്ള കലോത്സവം സംഘടിപ്പിക്കാൻ സാധിച്ചു. ഓരോ വർഷവും വിവിധ തലങ്ങളിൽ 5 ലക്ഷത്തോളം അംഗങ്ങൾ കലോത്സവത്തിൽ പങ്കാളികളായി.

11. കുടുംബശ്രീ സിഡിഎസ് ഓഫീസുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനകം 600 സിഡിഎസ്സുകളെ ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്താൻ സാധിച്ചു.

12. <u>പാഠപുസ്തക വിതരണം</u> - 2021-22 അധ്യയന വർഷം മുതൽ സംസ്ഥാനത്തെ ഒന്ന് മുതൽ പത്ത് വരെയുള്ള ക്ലാസുകളിലെ മുഴുവൻ പാഠപുസ്തകങ്ങളും സോർട്ട് ചെയ്ത്, പായ്ക്ക് ചെയ്ത് സ്കൂൾ സൊസൈറ്റികളിലേയ്ക്ക് സമയബന്ധിതമായും കാര്യക്ഷമമായും കുടുംബശ്രീ മുഖേനയാണ് വിതരണം ചെയ്തു വരുന്നത്.

## <u>Financial Inclusion</u>

കുടുംബശ്രീ മൈക്രോ ഫിനാൻസ് സെക്ഷന്റെ പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു

• കുടുംബശ്രീ അയൽക്കൂട്ട അംഗങ്ങളുടെ ഉപജീവന മാർഗ്ഗങ്ങൾക്കും, സാമൂഹിക ആവശ്യങ്ങൾക്കുമായി ആന്തരിക വായ്പ സേവനങ്ങൾ, ബാങ്ക് ലിങ്കേജ്, ബൾക്ക് ലോണുകൾ എന്നീ വായ്പാ സേവനങ്ങൾ

നടപ്പിലാക്കി വരുന്നു. ഇത് മൂലം അയല്ക്കൂട്ട അംഗങ്ങളുടെ സംരംഭ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള ഉപജീവന മാർഗങ്ങൾ മെച്ചപ്പെടുത്തുന്നതിനും, സാമൂഹിക ആവശ്യങ്ങൾ നിറവേറ്റുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്.

• വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങളുടെ സ്റ്റാർട്ട് അപ്പ് ഫണ്ട് ആയും, ആയത് മെച്ചപ്പെടുത്തുന്നതിനും കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്, എന്റർപ്രൈസ് വായ്പ സേവനങ്ങൾ അംഗങ്ങൾക്ക് ലഭ്യമാക്കുന്നു. ഇതിലൂടെ വ്യക്തിഗത, ഗ്രൂപ്പ് സംരംഭങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

• അയൽക്കൂട്ടങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, സാമ്പത്തിക പ്രവർത്തനങ്ങളിലെ സുതാര്യത, കൃത്യമായ വായ്പ തിരിച്ചടവ് എന്നിവ ഉറപ്പുവരുത്തുന്നതിലേക്കായി പരീക്ഷ, ഗ്രേഡിംഗ് ക്യാമ്പയിൻ മുഖേനെ അയൽക്കൂട്ടങ്ങളെ എ*, എ, ബി സി ഡി ഗ്രേഡുകളായി ഗ്രേഡ് ചെയ്യുകയും, സാമ്പത്തിക ക്രമക്കേട് റിപ്പോർട്ട് ചെയ്യുന്ന അയൽക്കൂട്ടങ്ങളെ എഫ് ഐ ക്ലിനിക്കിലൂടെ പ്രശ്നപരിഹാരം കാണുകയും ചെയ്യുന്നു.
ഇതിലൂടെ അയല്ക്കൂട്ടതലത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളിൽ സുതാര്യതയും കൃത്യതയും ഉറപ്പുവരുത്താനും അതുവഴി അയൽക്കൂട്ടങ്ങൾ ശിഥിലമായിപ്പോകുന്ന പ്രവണത കുറയ്ക്കാനും സാധിക്കുന്നുണ്ട്. കൂടാതെ വായ്പാ തിരിച്ചടവുകൾ ഉറപ്പു വരുത്താനും സാധിക്കുന്നുണ്ട്.

• അയൽക്കൂട്ട അംഗങ്ങളുടെ സാമ്പത്തിക ഭദ്രത, കൃത്യമായ ത്രിഫ്റ്റ്, മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ കടന്നു കയറ്റം കുറയ്ക്കുക, ബാങ്കിങ് സാക്ഷരതാ, ഡിജിറ്റൽ സാക്ഷരത, എന്നിവ ഉറപ്പുവരുത്തുന്നതിലേക്കായി ഫിനാൻഷ്യൽ ലിറ്ററസി കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാർ മുഖേനെ സാമ്പത്തിക സാക്ഷരതാ ക്ലാസുകൾ നൽകിവരുന്നു. ഇതിലൂടെ പുതുതലമുറ സാമ്പത്തിക സ്ഥാപനങ്ങളുടെ കടന്നുകയറ്റം ഒരു പരിധി വരെ കുറയ്ക്കുവാൻ സാധിക്കുന്നുണ്ട്. കൂടാതെ അയൽക്കൂട്ടാഗങ്ങളിൽ സമ്പാദ്യ ശീലം വളർത്തുന്നതിനും, വിവേകപൂർവമായി ചെലവുകൾ കൈകാര്യം ചെയ്യുന്നതിന് അവരെ പ്രാപ്തരാക്കുന്നതിനും സാധിക്കുന്നുണ്ട്.

• അംഗങ്ങളിൽ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുന്നതിലേക്കായി കുടുംബശ്രീയുടെ തനത്

ഇൻഷുറൻസ് പദ്ധതിയായ, ജീവൻ ദീപം ഒരുമ ഇൻഷുറൻസിൽ ബീമാ മിത്രമാർ മുഖേനെ കുടുംബശ്രീ അംഗങ്ങളുടെ എൻറോൾമെൻറ്റ് മികച്ച രീതിയിൽ ഓരോ സാമ്പത്തിക വർഷവും നടത്തി വരുന്നു, കൂടാതെ PMJJBY, PMSBY എന്നീ ഇൻഷുറൻസ് പദ്ധതികളും പ്രോത്സാഹിപ്പിക്കുന്നു. ഇതിലൂടെ അയൽക്കൂട്ട അംഗങ്ങളുടെ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തുവാൻ സാധിക്കുന്നു. കൂടാതെ അംഗങ്ങളുടെ ആകസ്മിക മരണം സംഭവിച്ചാൽ കുടുംബം ദാരിദ്ര്യത്തിലേയ്ക്ക് വഴുതി വീഴുന്നത് ഒഴിവാക്കാനും, ലോണുകളുടെ ബാക്കിയുള്ള തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നു.

• ലിങ്കേജ് വായ്പ അംഗങ്ങൾക്ക് ഇടതടവില്ലാതെ ലഭ്യമാക്കാൻ കുടുംബശ്രീ ബാങ്ക് സഖിമാർ ബാങ്ക്, അയൽക്കൂട്ടം, സി ഡി എസ്സ് എന്നീ തലങ്ങളിൽ ഒരു പാലം പോലെ പ്രവർത്തിക്കുന്നു. ഇതിലൂടെ ബാങ്കിംഗ് സേവനങ്ങൾ സുഗമമായി ലഭ്യമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

• അയൽക്കൂട്ടങ്ങളുടെ വായ്പ തിരിച്ചടവ് കൃത്യമാക്കുന്നതിനും, ബാങ്ക് തലത്തിൽ വരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കുമായി സി ബി ആർ എം കമ്മറ്റികൾ ഓരോ മാസവും സി ഡി എസ്സിൽ നടന്നു വരുന്നു. വേഗത്തിലുള്ള ലോൺ പ്രോസിസ്സിംഗ്, ലോണുകളുടെ തിരിച്ചടവ് ഉറപ്പുവരുത്തൽ എന്നിവയ്ക്ക് സി. ബി. ആർ. എം കമ്മിറ്റികൾ സഹായിച്ചിട്ടുണ്ട്.

• കുടുംബശ്രീ സക്ഷം സെൻ്ററുകൾ മുഖേനെ സാമ്പത്തിക സാക്ഷരതാ കൗൺസിലിങ്, സാമ്പത്തിക സേവനങ്ങളുടെ ഡെലിവറി പോയിന്റുകളായി തിരഞ്ഞെടുക്കപ്പെട്ട കുടുംബശ്രീ സി ഡി എസ്സുകളിൽ ഓഫീസ് സംവിധാനമായി പ്രവർത്തിച്ചുവരുന്നുണ്ട്. സാമ്പത്തിക സാക്ഷരതയും വിവിധ തരത്തിലുള്ള സാമ്പത്തിക പ്രവർത്തകനങ്ങളും അയൽക്കൂട്ടാഗങ്ങൾക്ക് ലഭ്യമാക്കുന്ന വൺ സ്റ്റോപ്പ് സെൻ്ററുകളായി സക്ഷം സെൻ്ററുകൾക്കു മാറാൻ കഴിഞ്ഞിട്ടുണ്ട്.

• ബാങ്കിങ് സേവനങ്ങൾ വീട്ടുപടിക്കൽത്തന്നെ ലഭ്യമാക്കുന്നതിലേക്കായി കുടുംബശ്രീ ബി. സി. സഖിമാർ മികച്ച രീതിയിൽ പ്രവർത്തനം നടത്തിവരുന്നു. ഡിജിറ്റൽ സാക്ഷരത ഇല്ലാത്തവർക്കും, പെൻഷൻ വാങ്ങുന്നതടക്കമുള്ള ആവശ്യങ്ങൾക്കായി ബാങ്കിൽ പോകേണ്ടി വരുന്ന ശാരീരിക അവശത അനുഭവിക്കുന്നവർക്കും ഈ പദ്ധതി ഗുണകരമാണ്. അക്കൗണ്ട് തുറക്കൽ, പണം

നിക്ഷേപിക്കൽ/പിൻവലിക്കൽ, അക്കൗണ്ട് ബാലൻസ് പരിശോധന, വായ്പാ തിരിച്ചടവ്, ആർ. ഡി. , ഇൻഷുറൻസ് എൻറോൾമെന്റ്, ക്ലെയിം തുടങ്ങിയ സേവനങ്ങൾ അയല്ക്കൂട്ടാംഗങ്ങൾക്ക് വാതിൽപ്പടിയിൽ ലഭ്യമാക്കുന്നതിനും, ഇത്തരം കാര്യങ്ങൾക്കായി ബാങ്കിൽ പോകുന്നതുവഴിയുണ്ടാകുന്ന തൊഴിൽ ദിന നഷ്ടം ഒഴിവാക്കുന്നതിനും പ്രസ്തുത പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്.

• പുതുതായി രൂപം കൊള്ളുന്ന അയൽക്കൂട്ടങ്ങളുടെ ത്രിഫ്റ്റ് തുക കൂട്ടുന്നതിലേക്കായി റിവോൾവിങ് ഫണ്ട് നൽകിവരുന്നു. ഇതിലൂടെ ത്രിഫ്റ്റ് തുക വർദ്ധിപ്പിക്കാനും, ആന്തരിക വായ്പയുടെ ലഭ്യത ഉയർത്തുന്നതിനും സാധിക്കുന്നുണ്ട്.

• അയൽക്കൂട്ട അംഗങ്ങളിൽ ആകസ്മികമായി ഉണ്ടാകുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിലേക്കായി, എ ഡി എസുകൾ മുഖേനെ വാൾനറബിലിറ്റി റീഡക്ഷൻ ഫണ്ട് നൽകുന്നു. ഇതിലൂടെ ഗുരുതര രോഗങ്ങൾ, പ്രകൃതിക്ഷോഭങ്ങൾ മുതലായവയിലൂടെ ഉണ്ടാകുന്ന പ്രതിസന്ധികൾ തരണം ചെയ്യുന്നതിന് അയല്ക്കൂട്ടാംഗങ്ങൾക്ക് കഴിയുന്നുണ്ട്.

• അയൽക്കൂട്ടം, എ ഡി എസ്സ്, സി ഡി എസ്സുകളുടെ വാർഷിക ഓഡിറ്റിങ് കാസ് മുഖേന മികച്ച രീതിയിൽ ഓരോ സാമ്പത്തിക വർഷവും നടക്കുന്നുണ്ട്. ഇതിലൂടെ അയല്ക്കൂട്ട, എ. ഡി. എസ്., സി. ഡി. എസ്. തലത്തിലെ ഫണ്ട് വിനിയോഗം, സാമ്പത്തിക ക്രയവിക്രയങ്ങൾ എന്നിവയിലെ സുതാര്യതയും കൃത്യതയും ഉറപ്പാക്കാനും, അഴിമതികൾ ഗണ്യമായി കുറയ്ക്കുന്നതിനും കഴിയുന്നുണ്ട്. കൂടാതെ സംഘടനാ സംവിധാനത്തിലെ സാമ്പത്തിക പ്രവർത്തനങ്ങളിലെ സുതാര്യത ഉറപ്പുവരുത്തുന്നതിലൂടെ ശക്തമായ സംഘടനാ സംവിധാനമായി കുടുംബശ്രീയെ നിലനിർത്തുന്നതിനും സാധിക്കുന്നുണ്ട്.

## Farm Livelihood

കുടുംബശ്രീയുടെ കാർഷിക വിഭാഗം കാർഷിക മേഖലയിൽ ഉപജീവനം സാധ്യമാക്കുന്ന നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. അവയിൽ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു .

1. കാർഷിക മേഖലയ്ക്ക് കരുത്തായി വനിതാ കർഷക സംഘങ്ങൾ 21457.13 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുകയും 432667 വനിതകൾക്ക് മികച്ച തൊഴിലും വരുമാനവും ലഭ്യമാക്കുകയും ചെയ്യുന്നു

2. കുടുംബത്തിന്റെ പൂർണ്ണപോഷക ആവശ്യങ്ങൾക്കായി 3066621 കാർഷിക പോഷക ഉദ്യാനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്

3.കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകാൻ 904 പ്രൊഡ്യൂസർ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് . ഇതിലൂടെ കാർഷിക ഉൽപന്നങ്ങളുടെ ശേഖരണവും ഉൽപന്ന വൈവിധ്യവൽക്കണവും സുസ്ഥിര കാർഷിക രീതികളും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നതിലൂടെ കർഷകർക്ക് വരുമാനവർധനവ് ഉറപ്പുവരുത്തുകയും ചെയ്യുന്നു

4. 125 ഇൻറഗ്രേറ്റഡ് ഫാമിങ്ങ് ക്ലസ്റ്ററുകൾ വഴി 37500 വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നു.

5. സംസ്ഥാനമൊട്ടാകെ 411 ജൈവിക പ്ളാന്റ് നഴ്സറികൾ വഴി 491 വനിതകൾക്ക് മികച്ച ഉപജീവനം ലഭ്യമാക്കിയിട്ടുണ്ട്

6. കർഷകർക്ക് വരുമാനം ലഭ്യമാക്കി ഓണത്തോടനുബന്ധിച്ച് 'നിറപ്പൊലിമ' 3101.52 ഏക്കറിൽ പൂക്കൃഷി നടത്തുകയും പൂ വിപണനത്തിലൂടെ 4.47 കോടിരൂപയുടെ വിറ്റുവരവ് കർഷകർക്ക് ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്

7. വനിതാ കർഷകർക്ക് സഹായമായി 'പുനർജീവനം' പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്

8. കർഷകർക്ക് വരുമാനം ലഭ്യമാക്കി ഓണത്തോടനുബന്ധിച്ച് ഓണക്കനി' 15710 ഏക്കറിൽ കൃഷി നടത്തുകയും വിപണനത്തിലൂടെ 16.6244 കോടി രൂപയുടെ വിറ്റുവരവ് കർഷകർക്ക് ലഭ്യമാക്കുവാനും സാധിച്ചിട്ടുണ്ട്.

9. വേനലിൽ കുളിരായി കുടുംബശ്രീ വേനൽ മധുരം പദ്ധതി 769.9 ഏക്കർ സ്ഥലത്തു വിഷരഹിത തണ്ണിമത്തൻ കൃഷി ചെയ്യുകയുകയും ഇതിലൂടെ മികച്ച വരുമാനം കർഷകർക്ക് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്

10. കാർഷിക ഉത്പന്നങ്ങളുടെ സുഗമമായ വിപണനത്തിനായി എല്ലാ സി ഡി എസിലും ആഴ്ചതോറും നാട്ടുചന്തകളും 152 നേച്ചർ ഫ്രഷ് കിയോസ്കുകളും പ്രവർത്തിക്കുന്നു.

11. സ്മാർട്ട് ഫാമിംഗ് പ്രവർത്തനങ്ങൾക്ക് ശക്തിപ്പെടുത്താൻ വനിതകൾക്ക് ഡ്രോൺ പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്

**Animal Husbandry**

മൃഗസംരക്ഷണ ഉപജീവന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് 3808 കുടുംബശ്രീ കമ്മ്യൂണിറ്റി അംഗങ്ങൾക്ക് പരിശീലനം നൽകി പശു സഖി സർട്ടിഫിക്കേഷൻ ലഭ്യമാക്കി.

415597 കുടുംബശ്രീ കർഷകർക്ക് പശു സഖിമാരുടെ സഹായത്തോടെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള ഇടപെടൽ നടത്തി.

12553 തെരുവു നായ്ക്കളെ ടി കാലയളവിൽ എ ബി സി പദ്ധതിയുടെ ഭാഗമായി വന്ധ്യകരണം നടത്തി.
മൃഗസംരക്ഷണ വകുപ്പുമായി ചേർന്ന് ഫീൽഡ്തല കർഷക പിന്തുണയ്ക്ക് 458 പശു സഖികൾക്ക് എ ഹെൽപ്പ് സർട്ടിഫിക്കേഷൻ ലഭ്യമാക്കി പ്രവർത്തന സജ്ജമാക്കി.
കർഷകരുടെ മിച്ച ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി 421 പ്രൊഡ്യൂസർ ഗ്രൂപ്പുകൾ രൂപീകരിക്കാൻ പിന്തുണയും ധനസഹായവും ലഭ്യമാക്കി.

ക്ഷീര കർഷകരെ പിന്തുണയ്ക്കുന്നതിലേക്ക് ക്ഷീരസാഗരം, ആടുവളർത്തൽ കർഷകരെ പിന്തുണയ്ക്കുന്നതിലേക്ക് ആടുഗ്രാമം പദ്ധതി വഴി കർഷകർക്ക് സബ്സിഡി ലഭ്യമാക്കി.
പശു വളർത്തൽ പദ്ധതിക്ക് 2255 അംഗങ്ങൾക്ക് സബ്സിഡി അനുവദിച്ചു യൂണിറ്റ് രൂപീകരിക്കാൻ സാധിച്ചു.
ആട് വളർത്തൽ പദ്ധതിക്ക് 3459 അംഗങ്ങൾക്ക് സബ്സിഡി അനുവദിച്ചു യൂണിറ്റ് രൂപീകരിക്കാൻ സാധിച്ചു.
പൗൾട്രി പദ്ധതികൾക്ക് 9775 അംഗങ്ങൾക്ക് സബ്സിഡി അനുവദിച്ചു യൂണിറ്റ് രൂപീകരിക്കാൻ സാധിച്ചു.

പോത്തുകുട്ടി വളർത്തൽ പദ്ധതികൾക്ക് 555 അംഗങ്ങൾക്ക് സബ്സിഡി അനുവദിച്ചു യൂണിറ്റ് രൂപീകരിക്കാൻ സാധിച്ചു.
എൻ ആർ എൽ എം പദ്ധതികളുടെ ഭാഗമായി 19653 ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് വഴി 4% പലിശ നിരക്കിൽ ചെറുകിട മൃഗസംരക്ഷണ ഉപജീവന പദ്ധതികൾക്ക് ഗ്രാമീണ സി ഡി എസുകൾ വഴി 4900 ലക്ഷം രൂപ ലോൺ അനുവദിച്ചു .

സംസ്ഥാന പ്ലാൻ പദ്ധതികളുടെ ഭാഗമായി 2525 ഗുണഭോക്താക്കൾക്ക് കമ്മ്യൂണിറ്റി എന്റർപ്രൈസ് ഫണ്ട് വഴി 4% പലിശ നിരക്കിൽ ചെറുകിട മൃഗസംരക്ഷണ ഉപജീവന പദ്ധതികൾക്ക് നഗര സി ഡി എസുകൾ വഴി 681 ലക്ഷം രൂപ ലോൺ അനുവദിച്ചു .
കുടുംബശ്രീ പൗൾട്രി യൂണിറ്റുകളെ എംപാനൽ ചെയ്തുകൊണ്ട് 862 കർഷകർക്ക് കുറഞ്ഞ നിരക്കിൽ മുട്ടക്കോഴിക്കൃഷി ആരംഭിക്കാൻ ഇടപെടൽ ഉറപ്പാക്കി.
ഒരു അയൽക്കൂട്ടത്തിൽ നിന്നും ചുരുങ്ങിയത് ഒരു

സംരംഭം/തൊഴിൽ എന്ന കണക്കിൽ മൂന്നു ലക്ഷം ഉപജീവ മാർഗങ്ങൾ സൃഷ്ടിച്ച് കുടുംബശ്രീ അംഗങ്ങൾ ഓക്സിലറി അംഗങ്ങൾ എന്നിവർക്ക് സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ വിഭാവനം ചെയ്ത പദ്ധതി ആണ് കെ ലിഫ്റ്റ്. 100825 കുടുംബശ്രീ കുടുംബങ്ങൾ മൃഗസംരക്ഷണ ഉപജീവന മേഖലയിൽ നിന്നും വരുമാനം കണ്ടെത്തി കെ ലിഫ്റ്റ് ഉപജീവന ക്യാമ്പയിന്റെ ഭാഗമായി.

കുടുംബശ്രീ വഴി ഫിഷറീസ് മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി പരീക്ഷണ അടിസ്ഥാനത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കൊല്ലം, ആലപ്പുഴ , മലപ്പുറം ജില്ലകളിൽ ഫിഷറീസ് ക്ലസ്റ്റർ പ്രവർത്തനം ആരംഭിച്ചു.

## Non-Farm Livelihood

കുടുംബശ്രീ വിവിധ ഇടപെടലുകൾ മുഖാന്തരം അയൽക്കൂട്ട കുടുംബങ്ങളുടെ സാമ്പത്തിക ശാക്തീകരണത്തിനു പിന്തുണ നൽകി വരുന്നു. തൊഴിൽ അവസരങ്ങളും വരുമാന മാർഗങ്ങളും സൃഷ്ടിക്കുന്നതിനായി മൈക്രോ സംരംഭങ്ങൾ ആരംഭിക്കുന്നതിനും ഇപ്രകാരം ആരംഭിക്കുന്ന സംരംഭങ്ങൾക്ക് സുസ്ഥിര വരുമാനം ഉറപ്പാക്കുന്നതിനും ആവശ്യമായ ഇടപെടലുകളായ വിവിധ സംരംഭകത്വ വികസന പരിശീലനങ്ങൾ, സാമ്പത്തിക സഹായങ്ങൾ, സബ്സിഡി, വായ്പാ സൗകര്യം, കൺസൽട്ടൻസി സേവനങ്ങൾ, ഹാൻഡ്ഹോൾഡിങ് പിന്തുണകൾ, പെർഫോമൻസ് ഇംപ്രൂവ്മെന്റ് പ്രോഗ്രാമുകൾ തുടങ്ങിയവയാണ് മൈക്രോസംരംഭ വികസന മേഖലയിൽ കുടുംബശ്രീ നടപ്പിലാക്കുന്നത്. നോൺ-ഫാം മേഖലയിൽ 1.66 ലക്ഷം മൈക്രോ സംരംഭങ്ങളിലൂടെ ഏകദേശം 3.01 ലക്ഷം കുടുംബങ്ങൾക്ക് ജീവനോപാധി ലഭ്യമാക്കിയിട്ടുണ്ട്. ഭക്ഷ്യ മേഖലയിൽ കഫേ കുടുംബശ്രീ ദേശീയ തലത്തിൽ അംഗീകാരം നേടിയിട്ടുണ്ട്. കൂടാതെ, ICDS വഴി 3.52 ലക്ഷം കുട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനായി 241 മൈക്രോ സംരംഭങ്ങൾ ന്യൂട്രിമിക്സ് ഉത്പാദിപ്പിക്കുന്നു, വർഷത്തിൽ 148.83 കോടി രൂപയുടെ വരുമാനമാണ് ഇതിലൂടെ ഉണ്ടാകുന്നത്. 11 പ്രീമിയം ഹോട്ടലുകൾ ആരംഭിച്ചുകൊണ്ട് ഹയർ ഓർഡർ സംരംഭ മേഖലയിലും കുടുംബശ്രീ ഇടപെട്ടുവരുന്നു. നഗരമേഖലകളിൽ സ്റ്റീകൾ, ഫസിലിറ്റി മാനേജ്മെന്റ് സേവനങ്ങൾ, കൊച്ചി മെട്രോ തുടങ്ങിയ സേവന മേഖലകളിലും പ്രവേശിച്ചു.
സംരംഭകർക്ക് ബിസിനസ് പ്ലാൻ തയ്യാറാക്കൽ,

അക്കൗണ്ടിംഗ്, വായ്പാ പിന്തുണകൾ, മാർക്കറ്റിംഗ്, സംരംഭ വളർച്ച എന്നീ മേഖലകളിൽ പ്രൊഫഷണൽ പിന്തുണ നൽകുന്നതിന് മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റുമാരെ (MEC) തദ്ദേശ സ്ഥാപന തലത്തിൽ നിയോഗിച്ചിരിക്കുന്നു. വിപണനത്തിനായി സരസ് എക്സിബിഷനുകൾ, മാസ ചന്തകൾ, ഉത്സവ ചന്തകൾ തുടങ്ങിയ ഇടപെടലുകൾക്ക് പുറമെ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങളും വികസിപ്പിച്ചിരിക്കുന്നു.

IIMK-LIVE പോലുള്ള വിദഗ്ധ സ്ഥാപനങ്ങളുമായും വിവിധ CSR പദ്ധതികളുമായും സഹകരിച്ച് നവീന സംരംഭങ്ങൾക്ക് പിന്തുണ നൽകുകയും ക്ലസ്റ്റർ വികസനം, സ്റ്റാർട്ട്-അപ്പ് പദ്ധതികൾ, സാമൂഹിക സംരംഭങ്ങൾ എന്നിവ നടപ്പിലാക്കുകയും ചെയ്യുന്നു. ഇതിലൂടെ സ്ത്രീകളുടെ ആത്മവിശ്വാസവും സാമ്പത്തിക ശക്തിയും വർദ്ധിപ്പിക്കുകയും കുടുംബങ്ങളുടെ വരുമാനം കൂട്ടുകയും തൊഴിൽ-സാമൂഹിക സുരക്ഷ ഉറപ്പാക്കുന്ന സ്ഥിരമായ ജീവനോപാധി മാർഗങ്ങൾ ഉറപ്പാക്കുകയും ചെയ്യുന്നു.പ്രവാസി ഭദ്രത (പേൾ) പദ്ധതി പ്രകാരം കോവിഡ്-19 നെ തുടർന്ന് ജോലി നഷ്ടമായി നാട്ടിൽ തിരിച്ചെത്തിയ അയ്യായിരത്തിലധികം പ്രവാസികൾക്ക് സംരംഭം ആരംഭിക്കാനായി വായ്പ നൽകുകയും അതുവഴി നാലായിരത്തിലധികം സംരംഭങ്ങൾ ആരംഭിക്കുകയും ഇത് വഴി മികച്ച ജീവിത മാർഗം ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. വിദ്യാർഥികൾക്ക് ആവിശ്യമായ ആരോഗ്യകരവും പോഷക സമ്പൂർണവുമായ ലഘു ഭക്ഷണങ്ങൾ, പാനീയങ്ങൾ മുതലായവയും, സ്കൂൾ സ്റ്റേഷനറി വസ്തുക്കൾ, സാനിറ്ററി നാപ്കിനുകൾ മുതലായവയും ലഭ്യമാകുന്നതിനായി സംസ്ഥാനത്തെ ഹൈസ്കൂൾ/ ഹയർ സെക്കന്ററി സ്കൂളുകളിൽ 304 മാ കെയർ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.

## SVEP

ആജീവിക ഇന്ത്യ ദേശിയ ഗ്രാമീണ ഉപജീവന ദൗത്യത്തിന് കീഴിലുള്ള ഉപ പദ്ധതിയാണ് SVEP. ഗ്രാമ പ്രദേശങ്ങളിലെ ചെറുകിട സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുകയും അതുവഴി ദാരിദ്ര്യ നിർമാർജനം സാധ്യമാക്കുകയും ആണ് ലക്ഷ്യം. SVEP അംബ്രല്ലയുടെ കീഴിൽ SVEP, MED(മൈക്രോ എന്റർപ്രൈസസ് ഡവലപ്മെന്റ്), OSF (ONE STOP FACILITY CENTRE), AGEY (AAJEEVIKA GRAMIN EXPRESS YOJANA), ഇൻകുബേറ്റർ എന്നീ ഉപപദ്ധതികൾ നടപ്പിലാക്കി വരുന്നു. നാല് വർഷ കാലയളവ് പൂർത്തികരിച്ച

ബ്ലോക്കുകളിൽ എൻഡ് ലൈൻ സർവേ നടത്തുകയും വിലയിരുത്തൽ നടത്തുകയും ചെയ്തിട്ടുണ്ട്. ആയതുപ്രകാരം പദ്ധതി 100% വിജയകരമായി പൂർത്തീകരിക്കുകയും ടാർജെറ്റ് പ്രകാരമുള്ള ഉപജീവന പ്രവർത്തങ്ങൾ ബ്ലോക്ക് തലത്തിൽ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**Marketing**

സംരംഭകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും വരുമാനം വർദ്ധിപ്പിക്കുന്നതിനും വേണ്ടി കുടുംബശ്രീയുടെ മാർക്കറ്റിങ് വിഭാഗം വിവിധ പ്രവർത്തനങ്ങൾ നടത്തി വരുന്നു . ഈ പ്രവർത്തനങ്ങളിൽ പ്രധാനപ്പെട്ടവ ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ പോക്കറ്റ് മാർട്ട്, ഡൽഹിയിലെ സെൻട്രൽ വിസ്തയിൽ പ്രവർത്തിക്കുന്ന ഫുഡ് കിയോസ്ക്, ഹോം ഷോപ്പ് പദ്ധതി, വിവിധ വിപണന മേളകൾ എന്നിവയാണ്.കൂടാതെ ഓണം, വിഷു തുടങ്ങിയ ആഘോഷ വേളകളിൽ പ്രത്യേക മേളകൾ സംഘടിപ്പിച്ച് ഉൽപ്പന്നങ്ങൾ ജനങ്ങളിലേക്ക് നേരിട്ട് എത്തിക്കുകയും ചെയ്യുന്നു.നിലവിൽ സൊമാറ്റോ ഓൺലൈൻ ഡെലിവറി പ്ലാറ്റ്ഫോമുമായി സഹകരിച്ച് സംരംഭകർക്ക് പുതിയ വിപണികൾ കണ്ടെത്താനും കുടുംബശ്രീ സഹായിക്കുന്നുണ്ട്. പ്രധാന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1)- പോക്കറ്റ് മാർട്ട്- കുടുംബശ്രീ പോക്കറ്റ്മാർട്ട് – 1459 സംരംഭക കൂട്ടായ്മകളും 1559 ഉൽപ്പന്നങ്ങളും ഒരുമിച്ചുള്ള ഔദ്യോഗിക ഇ-കൊമേഴ്സ് പ്ലാറ്റ്ഫോം ആണ്. ഭക്ഷണം, കൈത്തറി, ഹാൻഡ്ലൂം തുടങ്ങി വിശ്വാസ്യതയുള്ള ഉൽപ്പന്നങ്ങൾ പോക്കറ്റ് മാർട്ടിൽ ഓൺബോർഡ് ചെയ്തിട്ടുണ്ട്. 2025 ഓണവിപണിയിൽ മാത്രം ഓണം ഗിഫ്റ്റ് ബോക്സ്, ഉത്പന്നങ്ങൾ എന്നിവ 49 ലക്ഷം രൂപയുടെ വിറ്റുവരവ് നേടി.

2)- കുടുംബശ്രീ ഫുഡ് കിയോസ്ക്- സെൻട്രൽ വിസ്ത - ഡൽഹിയിലെ സെൻട്രൽ വിസ്തയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ ഫുഡ് കിയോസ്ക്, സ്ത്രീ സംരംഭകർ മുഖേന കേരളത്തിന്റെ പരമ്പരാഗത രുചി ദേശീയ-അന്തർദേശീയ സന്ദർശകർക്ക് പരിചയപ്പെടുത്തുന്ന സംരംഭമാണ്.

3)- ഓണ സദ്യ - 2025-ലെ ഓണം വിപണിയിൽ കുടുംബശ്രീയുടെ സദ്യ ശ്രദ്ധ നേടി. 14 ജില്ലകളിലായി പ്രവർത്തിച്ച സദ്യ കോൾ സെന്ററുകൾ വഴി ലഭിച്ച 1,22,557 ഓർഡറുകൾ 377 കുടുംബശ്രീ സംരംഭകർ വിജയകരമായി നിറവേറ്റി. ഈ സംരംഭത്തിലൂടെ 2 കോടി രൂപയുടെ വരുമാനം നേടിയെടുത്തു.

4)- ഹോം ഷോപ്പ് പദ്ധതി- കുടുംബശ്രീയുടെ ഹോം

ഷോപ്പ് പദ്ധതി ഉപഭോക്താക്കളുടെ വീട്ടിൽ തന്നെ ഉത്പന്നങ്ങൾ എത്തിച്ച് സ്ത്രീസംരംഭകർക്ക് തൊഴിലും വരുമാനവും ഉറപ്പാക്കുന്നു. 2024-25ൽ 18.92 കോടി രൂപയുടെ വിൽപ്പന നേടി.

5)- വിപണന മേളകൾ- കുടുംബശ്രീ ട്രേഡ് ഫെയർ സംരംഭകർ നിർമ്മിക്കുന്ന വിവിധ ഉൽപ്പന്നങ്ങളുടെ പ്രദർശന-വിപണന വേദിയാണ്. ഫെസ്റ്റിവൽ ഫെയറുകളും മാസച്ചന്തകളും കൂടി സംഘടിപ്പിച്ചു വരുന്നു. 2025 വിഷു മേളയിൽ 7.24 കോടി രൂപയും ഓണ വിപണിയിൽ 29.98 കോടി രൂപയും വിറ്റുവരവ് നേടി.

6)- കുടുംബശ്രീ സരസ്സ് മേള-കുടുംബശ്രീയുടെ സൂക്ഷ്മസംരംഭകർ നിർമ്മിക്കുന്ന ഭക്ഷ്യ വസ്തുക്കൾ, കൈത്തറി-കൈവേല ഉൽപ്പന്നങ്ങൾ, ഹാൻഡ്‌ലൂം, പ്രകൃതിദത്ത ഉൽപ്പന്നങ്ങൾ, നവീന സൃഷ്ടികൾ എന്നിവയെ ഒരുമിച്ച് പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന പ്രധാന വേദിയാണ് സരസ് മേള. 2025 മെയ് മാസത്തിൽ കോഴിക്കോട് സംഘടിപ്പിച്ച സരസ് മേളയിൽ 11 കോടി രൂപയുടെ വിൽപ്പന കൈവരിച്ചു.

7)- കുടുംബശ്രീ ഇനി സോമാറ്റോയിലും- കുടുംബശ്രീ സംരംഭകരുടെ ഉൽപ്പന്നങ്ങൾ ഇനി സൊമാറ്റോ വഴി ലഭ്യമാകും. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ ജില്ലകളിലെ 50-ഓളം യൂണിറ്റുകൾക്കാണ് ഈ സൗകര്യം ലഭിക്കുക. ഈ നീക്കം കുടുംബശ്രീ കഫേകൾക്കും കാന്റീനുകൾക്കും കൂടുതൽ വരുമാനം നേടാൻ സഹായിക്കും.

## Social Development

1. ഉജ്ജീവനം

അതി ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ഭാഗമായി ദാരിദ്ര്യത്തിന്റെ പ്രധാന കാരണമായ അപര്യാപ്തമായ ഉപജീവനമാർഗം മാറ്റി ഓരോ കുടുംബത്തെയും സ്വയംപര്യാപ്തമാക്കുക എന്നതാണ് ഉജ്ജീവനം കാമ്പയിനിലൂടെ ലക്ഷ്യം വച്ചത്. ഇതിന്റെ ഭാഗമായി 4341 പേർക്ക് ഉപജീവനം ലഭ്യമാക്കി.

2.ബഡ്സ് ദിനം

ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ കുടുംബശ്രീ നടത്തുന്ന ബഡ്സ് സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുന്നതിനായി ബഡ്സ് ദിനം സംഘടിപ്പിച്ചു. തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിൽ സംസ്ഥാനത്തെ ആദ്യത്തെ ബഡ്സ് സ്കൂൾ ഔദ്യോഗികമായി

ഉദ്ഘാടനം ചെയ്യപ്പെട്ട 2004 ആഗസ്റ്റ് 16, എല്ലാ വർഷവും ബഡ്സ് ദിനമായി ആഘോഷിച്ചുവരുന്നു.

3.പ്രത്യേക ഉപജീവന പദ്ധതി

ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും രക്ഷാകർത്താക്കൾക്കും ഉപജീവനം ലഭ്യമാക്കുന്നതിനായി 162 ബഡ്സ് സ്ഥാപനങ്ങളിൽ ആരംഭിച്ച പ്രത്യേക ഉപജീവന പദ്ധതി പരിശീലനം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. 2023-24 സാമ്പത്തിക വർഷം 82 ബഡ്സ് സ്ഥാപങ്ങൾക്ക് കൂടി ഉപജീവന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കി.

4.ശുചിത്വോത്സവം

സംസ്ഥാനത്ത് ഫലപ്രദമായ മാലിന്യ സംസ്കരണം ലക്ഷ്യമിട്ടു കൊണ്ട് ശക്തമായ സാമൂഹ്യ അവബോധം സൃഷ്ടിക്കുന്നതിനായി കുടുംബശ്രീ ബാലസഭകളുടെ നേതൃത്വത്തിൽ 2023 ഏപ്രിൽ മാസം 22 മുതൽ 'ശുചിത്വോത്സവം' സംസ്ഥാനതല ക്യാമ്പെയ്ൻ സംഘടിപ്പിച്ചു. മാലിന്യ സംസ്കരണ മേഖലയിൽ കേരളം നേരിടുന്ന വെല്ലുവിളികൾക്ക് പുത്തൻമാതൃക സൃഷ്ടിക്കുകയാണ് ലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് കുടുംബശ്രീയുടെ കീഴിലുള്ള 31612 ബാലസഭകളിലെ 4.5 ലക്ഷം അംഗങ്ങൾ ശുചിത്വ സന്ദേശ പ്രചരണ പ്രവർത്തനങ്ങളുടെ ഭാഗമായി.

5.സജ്ജം

പുതുതലമുറയെ പ്രകൃതി ദുരന്തങ്ങൾ നേരിടാൻ തയാറാക്കുന്ന 'സജ്ജം- സുരക്ഷിതരാവാം സുരക്ഷിതരാക്കാം' ബിൽഡിങ് റെസിലിയൻസ് പദ്ധതി നടപ്പിലാക്കി. പദ്ധതിയുടെ ഭാഗമായി കുടുംബശ്രീ ബാലസഭാംഗങ്ങൾക്ക് പ്രകൃതി, പരിസ്ഥിതി, ദുരന്ത ആഘാത ലഘൂകരണം, അവകാശങ്ങളും ഉത്തരവാദിത്വങ്ങളും എന്നീ വിഷയങ്ങളിൽ അവബോധം നൽകുന്നതിനൊപ്പം പ്രളയം, ഉരുൾപൊട്ടൽ, വരൾച്ച, മണ്ണിടിച്ചിൽ, കടൽക്ഷോഭം തുടങ്ങി വിവിധ പ്രകൃതി ദുരന്ത സാധ്യതകളെ അറിയുന്നതിനും നിലവിലെ ദുരന്തനിവാരണ സംവിധാനങ്ങളെ മനസിലാക്കുന്നതിനും ഇതിലൂടെ സാധിച്ചു. 100000 ബാലസഭാ അംഗങ്ങൾക്കാണ് ഇതിന്റെ ഭാഗമായി പരിശീലനം നൽകിയത്. അന്തർ ദേശീയ തലത്തിൽ പ്രവർത്തിക്കുന്ന സേവ് ദി ചിൽഡ്രൻ എന്ന സംഘടനയുമായി ചേർന്നാണ് പ്രവർത്തനങ്ങൾ നടത്തിയത്.

6.ജില്ലാതല പ്രവർത്തനങ്ങൾ

കുട്ടികളിലെ സർഗ്ഗാത്മക വാസനകൾ (സംഗീതം, കല, കായികം, ശാസ്ത്രം എന്നിവയിലുള്ള ജന്മ വാസനകൾ) വികസിപ്പിക്കാനുതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ എല്ലാ വർഷവും നടത്തി വരുന്നുണ്ട് . പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും തീരുമാങ്ങൾ എടുക്കുന്നതിനുമുള്ള കഴിവുകൾ കുട്ടികളിൽ വളർത്തേണ്ടതാണ്. ഇത് ഔപചാരികമായ വിദ്യാഭ്യാസത്തിൽ നിന്നും മാത്രം ലഭിക്കുന്നതല്ല. പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള പോംവഴികൾ കണ്ടെത്താൻ കഴിവുണ്ടാക്കുക, ചോദ്യങ്ങൾ ചോദിയ്ക്കാൻ പ്രാപ്തരാക്കുക എന്നിങ്ങനെയുള്ള ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പുതിയ പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുള്ളത്. ജില്ലകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് അംഗീകാരം നൽകി ആയത് പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

7.ബാല പാർലമെന്റ്

പാർലമെന്ററി സംവിധാനവും പ്രവർത്തനങ്ങളും കുട്ടികളെ ബോധ്യപെടുത്തുന്നതിനും കുട്ടികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും അവകാശ സംരക്ഷണവും ഭരണാധികാരികളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുമായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ജില്ലകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ബാലസഭാ അംഗങ്ങൾക്ക് വേണ്ടി നടത്തുന്ന പ്രവർത്തനമാണ് ബാല പാർലമെന്റ്. എല്ലാ സാമ്പത്തിക വർഷവും ജില്ലാ- സംസ്ഥാന ബാല പാർലമെന്റുകൾ സംഘടിപ്പിച്ച് വരുന്നു.

8.ഡിജിറ്റൽ സാക്ഷരതാ ബോധവൽക്കരണം

രാജ്യത്തെ ആദ്യത്തെ സമ്പൂർണ ഡിജിറ്റൽ സാക്ഷരതാ സംസ്ഥാനമായി കേരളത്തെ മാറ്റുക എന്ന ലക്ഷ്യത്തോടെ കേരള സർക്കാർ സംഘടിപ്പിക്കുന്ന ഡിജി കേരളം പദ്ധതിയുടെ ഭാഗമായി ബാലസഭ അംഗങ്ങൾ സംസ്ഥാനത്തുടനീളം വിവിധ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി 2023 ഒക്ടോബർ 8-ന് സംസ്ഥാനത്തുടനീളമുള്ള ബാലസഭ അംഗങ്ങൾ മുഖേന അയൽക്കൂട്ട അംഗങ്ങൾക്കിടയിൽ കുടുംബശ്രീ ഡിജിറ്റൽ സാക്ഷരതാ ബോധവൽക്കരണം നടത്തി.

9.മധുരം

കുടുംബശ്രീയുടെ നേതൃത്വത്തിൽ നിലവിൽ 2,83,615 വയോജനങ്ങളെ ഉൾപ്പെടുത്തി 25,992 വയോജന അയൽക്കൂട്ടങ്ങൾ സംസ്ഥാനത്തുടനീളം

പ്രവർത്തിക്കുന്നു. കൂടുതൽ വയോജനങ്ങളെ കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമാക്കുന്നതിനും വയോജനങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകുന്നതിനും സംസ്ഥാന വ്യാപകമായി 50 കേന്ദ്രങ്ങളിൽ മാർച്ച് 5 ന് വയോജന സംഗമം മധുരം എന്ന പേരിൽ സംഘടിപ്പിച്ചു. 3800 വയോജന അയൽക്കൂട്ട അംഗങ്ങൾ ഇതിന്റെ ഭാഗമായി പങ്കെടുത്തു.

10. വയോജനങ്ങൾക്കുള്ള ഉപജീവനം

വയോജനങ്ങൾക്കുള്ള ഉപജീവന പദ്ധതി 2023 മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ 167 ഉപജീവന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

11. ഭിന്നശേഷിക്കാർക്കുള്ള ഉപജീവനം

ഭിന്നശേഷിക്കാർക്കുള്ള ഉപജീവന പദ്ധതി പ്രാപ്യം എന്നപേരിൽ 2023 മുതൽ നടപ്പിലാക്കി വരുന്നു. നിലവിൽ 95 ഉപജീവന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പാരാപ്ലീജിയ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കും പ്രത്യേക ഉപജീവന പദ്ധതി നടപ്പിലാക്കുന്നു. ഇതിനായി ആദ്യ ഘട്ടം എന്ന നിലയിൽ എറണാകുളം, മലപ്പുറം, ഇടുക്കി ജില്ലകളിൽ പ്രവർത്തനം ആരംഭിച്ചു.

12. കാര്യക്ഷമതാ പരിപോഷണവും പരിശീലനങ്ങളും മീറ്റിംഗുകളും

ബഡ്സ് സ്ഥാപനങ്ങളിലെ അദ്ധ്യാപകരുടെ സേവന സന്നദ്ധതയും, ജോലിയോടുള്ള പ്രതിബദ്ധതയും ഉയർത്തുന്നതിനും, വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും, തങ്ങളായിരിക്കുന്ന സേവന മേഖലയിലെ മാറ്റങ്ങൾ അറിയുന്നതിനും പരിശീലനങ്ങൾ നൽകി വരുന്നു.

13.ബഡ്സ് കലോത്സവം

ഭിന്നശേഷിക്കാരായ കുട്ടികളുടെ വളർച്ചയിൽ കലാകായിക പ്രവർത്തനങ്ങൾ നിർണ്ണായകമായ പങ്ക് വഹിക്കുന്നുണ്ട്. സംഗീതം, നൃത്തം, കല, ഹാൻഡിക്രഫ്റ്റ്സ്, കായികം, യോഗ എന്നിവ ഇപ്പോൾ വിദ്യാലയങ്ങളിൽ പാഠ്യവിഷയങ്ങളായി ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യക്തിപരമായ കഴിവുകളെയും പ്രതിഭകളെയും പോഷിപ്പിക്കുന്നതിനുള്ള സർഗ്ഗാത്മക പ്രവർത്തനങ്ങളാണ് ഇവയെല്ലാം. ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികളുടെ കലാപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും അവരെ സമൂഹത്തിൻറെ മുഖ്യ ധാരയിലേക്ക് കൈ പിടിച്ചുയർത്തുന്നതിനുമായിട്ടാണ് 2017 മുതൽ ബഡ്സ് കലോത്സവങ്ങൾ സ്ഥാപന- ജില്ലാ- സംസ്ഥാന തലങ്ങളിൽ സംഘടിപ്പിച്ചു വരുന്നത്.

14.കപ്പാസിറ്റി ബിൽഡിംഗ്
ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു ഓരോ തലത്തിലും റിസോഴ്സ് പേഴ്സൺമാരെ തിരഞ്ഞെടുത്തിട്ടുണ്ട്. ഇവരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിന് എല്ലാ വർഷവും പരിശീലനം നൽകി വരുന്നു.
15.ശുചിത്വ ഉച്ചകോടി
2024-25 സാമ്പത്തിക വർഷം ബാലസഭകളിലൂടെ ശുചിത്വോത്സവം 2.0 നടപ്പിലാക്കി. ഇതിന്റെ ഭാഗമായി ഓരോ പ്രദേശത്തും കുട്ടികൾ ശുചിത്വവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കണ്ടെത്തുകയും അത് സംബന്ധിച്ചുള്ള പ്രബന്ധങ്ങൾ തയ്യാറാക്കുകയും ചെയ്തു. തയ്യാറാക്കിയ പ്രബന്ധങ്ങൾ തിരുവനന്തപുരത്ത് നടത്തിയ അന്താരഷ്ട്ര ശുചിത്വ ഉച്ചകോടിയിൽ അവതരിപ്പിച്ചു. തിരഞ്ഞെടുത്ത കുട്ടികൾക്ക് ഉദ്യം ലേണിങ് ഫൗണ്ടേഷനുമായി ചേർന്ന് ഗ്രീൻ ഫെല്ലോഷിപ്പും നൽകിവരുന്നു.

16. മൈൻഡ് ബ്ലോവേർസ്
കുട്ടികളിൽ തൊഴിൽ നൈപുണ്യം ഉയർത്തുന്നതിന് ആവശ്യമായ പിന്തുണയും പരിശീലനവും നല്കുന്നതിന് ഉദ്യം ലേണിങ് ആണ് ഫൗണ്ടേഷനുമായി ചേർന്ന് 2023 മുതൽ ആരംഭിച്ച പദ്ധതിയാണ് കുടുംബശ്രീ മൈൻഡ് ബ്ലോവേർസ്.

17.മൈൻഡ് ബ്ലോവേർസ്- ലിയോറ ഫെസ്റ്റ് :- ബാലസഭാ കുട്ടികളിലെ നൂതന ആശയങ്ങള് കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് മൈൻഡ് ബ്ലോവേർസ്ല-യോറ ഫെസ്റ്റ് . ഇതിൽ തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് മൺസൂൺ ഫെല്ലോഷിപ്പ് നല്കുന്നു.

18. ബഡ്സ് കായിക മേള:- കേരളത്തിൽ ആദ്യമായി ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തി സംസ്ഥാന തലത്തിൽ മലപ്പുറം ജില്ലയിലെ കോഴിക്കോട് സർവകാലാശാലയിൽ വച്ചു നടത്തുകയുണ്ടായി.

**Tribal**

പട്ടികവർഗ്ഗ മേഖലയിൽ പ്രത്യേക അയൽക്കൂട്ടങ്ങളും, ബാലസഭകളും, കൃഷി ഗ്രൂപ്പ് ആയി ജെ എൽ ജി കളും പട്ടികവർഗ്ഗ പ്രത്യേക സൂക്ഷ്മ സംരഭ യൂണിറ്റുകളും രൂപീകരിച്ചുള്ള ഇടപെടലുകൾ നടത്തിവരുന്നുണ്ട്.
പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾക്ക് 10000-15000 വരെ രൂപ കോർപ്പസ് ഫണ്ട് അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് 4000 രൂപ കോർപ്പസ് ഫണ്ട് അനുവദിക്കുന്നുണ്ട്. പട്ടികവർഗ്ഗ സമഗ്ര ഉന്നമനം ലക്ഷ്യമിട്ട് പത്തോളം

പ്രത്യേക പദ്ധതികളാണ് ഈ മേഖലയിൽ മാത്രം നടപ്പാക്കുന്നത്. പ്രത്യേക അയൽക്കൂട്ടങ്ങൾ, ഊരുസമിതികൾ/ഗ്രാമ സമിതികൾ/ സ്പെഷ്യൽ എ ഡി എസ്, പഞ്ചായത്ത് സമിതികൾ എന്നിവ മുഖേനയാണ് ഈ മേഖലയിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ. നിലവിൽ സംസ്ഥാനമൊട്ടാകെ 7135 പട്ടികവർഗ പ്രത്യേക അയൽക്കൂട്ടങ്ങളും അതിൽ 1,24,000 അംഗങ്ങളും ഉണ്ട്. പുതുതായി ആരംഭിച്ച 6,844 അയൽക്കൂട്ടങ്ങൾക്ക് കോർപ്പസ് ഫണ്ട് ഉൾപ്പെടെ വിവിധ ഫണ്ടുകൾ ലഭ്യമാക്കുന്നു. 4,600 സ്വയംപര്യാപ്ത അയൽക്കൂട്ടങ്ങളുടെ രൂപീകരണം, അയൽക്കൂട്ട ഗ്രേഡിങ്, ലിങ്കേജ്, ഓഡിറ്റിങ്ങ് എന്നിവ നടപ്പാക്കുന്നതിനും വിവിധ സാമ്പത്തിക പിന്തുണ നൽകാനായി.

2428 കർഷക ഗ്രൂപ്പുകൾക്ക് കോർപ്പസ് ഫണ്ട്:കർഷകരുടെ ബ്രാൻഡഡ് ഉൽപന്നങ്ങളും കൃഷിയും ഉപജീവനോപാധികളും ശക്തിപ്പെടുത്തുന്നതിനായി 2,428 കർഷക ഗ്രൂപ്പുകൾക്ക് കോർപ്പസ് ഫണ്ട്, 3127 കർഷക സംഘങ്ങളുടെയും 356 പാരമ്പര്യ ഉപജീവന സംരംഭങ്ങളുടെയും രൂപീകരണം, 11,613 മൃഗസംരക്ഷണ ഉപജീവന പ്രവർത്തനങ്ങൾക്ക് നൽകിയ സഹായം എന്നിവ എടുത്തു പറയേണ്ടതാണ്.

അട്ടപ്പാടിയിലെ വനസുന്ദരി ചിക്കൻ, മുളയരി പായസം എന്നിവ ഇക്കാലയളവിൽ കേരളീയം പ്രവർത്തനത്തിലൂടെ ബ്രാൻഡ് ചെയ്യപ്പെട്ട കുടുംബശ്രീ ഭക്ഷണം ആയി മാറിയിട്ടുണ്ട്. സംരംഭകരുടെ ഉൽപന്നങ്ങൾക്ക് കൂടുതൽ വിപണി കണ്ടെത്തുന്നതിൻറെ ഭാഗമായി അട്ടപ്പാടിയിൽ 'ഹിൽ വാല്യൂ', വയനാട്ടിൽ 'വൻ ധൻ' നിലമ്പൂരിൽ നിന്നും 'ഗംന്തേ' എന്ന പേരിലും പുറത്തിറക്കിയ ബ്രാൻഡഡ് ഉൽപന്നങ്ങൾ മറ്റേത് ഉൽപന്നത്തോടും കിടപിടിക്കുന്നതാണ്. കരകൗശല വസ്തുക്കൾ, ആദി കുടകൾ, കോക്കോ വെളിച്ചെണ്ണ, കുട്ടമ്പുഴ കോഫി മുതലായ ഉൽപന്നങ്ങൾ വിപണിയിലെത്തിച്ചതും ഇക്കാലയളവിലാണ്.

പട്ടികവർഗ യുവാക്കളുടെ ഉന്നമനത്തിന് വേറിട്ട പദ്ധതി പ്രവർത്തനങ്ങൾ: പട്ടികവർഗ മേഖലയിലെ യുവതീയുവാക്കളുടെ ഉന്നമനത്തിന് ഈ സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നു. ഇവർക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിൻറെ ഭാഗമായി 2893 പേർക്ക് മത്സര പരീക്ഷാ പരിശീലനം സംഘടിപ്പിക്കുകയും 113 പേർക്ക് വിവിധ സർക്കാർ അർധ സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമാക്കുകയും ചെയ്തു. 364 പേർ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്.

കൂടാതെ ദീൻദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന പദ്ധതിയിൽ ഉൾപ്പെടുത്തി 1480 പേർക്ക് തൊഴിൽ ലഭ്യമാക്കി. സംസ്ഥാന ആസൂത്രണ ബോർഡ് നിർദേശ പ്രകാരം സർക്കാർ പ്രത്യേക ഫണ്ട് അനുവദിച്ച പട്ടികവർഗ്ഗക്കാർ നടപ്പിലാക്കുന്ന 840 പരമ്പരാഗത സംരഭങ്ങൾക്കും, 828 മൃഗ സംരക്ഷണ മേഖലയിലേക്കും ധന സഹായം നൽകി. ഈ പദ്ധതിയിലൂടെ വയനാട് ജില്ലയിലെ 'എൻ ഊര്' വിനോദ സഞ്ചാര കേന്ദ്രത്തിൽ കുടുംബശ്രീ പട്ടികവർഗ്ഗക്കാരുടെ കഫേ പ്രവർത്തനവും നടപ്പിലാക്കിവരുന്നു.

ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാര ലഭ്യത ഉറപ്പ വരുത്തുന്നതിനായി കമ്മ്യൂണിറ്റി കിച്ചൻ, കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് സഫല, സ്കൂളിൽ നിന്നും പഠനം പൂർത്തിയാക്കാതെ പോകുന്ന കുട്ടികൾക്കായി ബ്രിഡ്ജ് കോഴ്സ് എന്നിവയും നടപ്പാക്കുന്നുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ പി.കെ കാളൻ പ്രോജക്ട് പൂർത്തിയാക്കി. മലമ്പുഴയിലും പദ്ധതി അതിവേഗം പുരോഗമിക്കുകയാണ്.

പട്ടികവർഗമേഖലയിലെ കുട്ടികളുടെ കലാ കായിക മികവുകൾ സമൂഹത്തിൻറെ മുന്നിലേക്ക് കൊണ്ടു വരുന്നതിൻറെ ഭാഗമായി പി.വി.ടി.ജി വിഭാഗത്തിലുള്ള കുട്ടികൾക്ക് ഹ്രസ്വ ചലച്ചിത്ര നിർമാണത്തിൽ പരിശീലനം നൽകുകയും അവർ നിർമിച്ച ചിത്രങ്ങൾ'കനസ് ജാഗ' എന്ന പേരിൽ കുട്ടികളുടെ ചലച്ചിത്രോത്സവം സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ കൗമാരക്കാർക്കായി 'ധ്രുവ' പദ്ധതിയും നടപ്പാക്കി വരുന്നു.

സർക്കാർ പ്രഖ്യാപിച്ച ട്രൈബൽ പ്ലസ്സിൽ ഉൾപ്പെടുത്തി കുടുംബശ്രീ വഴി അട്ടപ്പാടിയിലും, വയനാട്ടിലും, കണ്ണൂർ ജില്ലയിലെ ആറളം ഫാം പുനരധിവാസ മേഖല എന്നിവിടങ്ങളിൽ തൊഴിലുറപ്പിൽ വേതനം ലഭിക്കുന്നതിൽ കാലതാമസം ഉള്ളത് പട്ടികവർഗ്ഗക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതു പരിഗണിച്ച് തൊഴിലുറപ്പ മുൻകൂർ വേതന വിതരണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

## Gender

1. 'സ്നേഹിത - ജെൻഡർ ഹെൽപ്പ് ഡെസ്ക്'.

* സമൂഹത്തിൽ വിവിധ പ്രശ്നങ്ങൾ അനുഭവിക്കുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പിന്തുണയും സഹായവും ലഭ്യമാക്കാൻ 2013 ൽ ആരംഭിച്ച 24 മണിക്കൂറും എല്ലാ ജില്ലകളിലും അട്ടപ്പാടിയിലും പ്രവർത്തിക്കുന്ന ജെൻഡർ ഹെൽപ്പ്ഡെസ്ക്.

* ജൂലൈ 2025 വരെ 63231 പേർക്ക് ഈ സേവനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

* സ്നേഹിത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആഭ്യന്തര വകുപ്പുമായി ചേർന്ന് ഡി.വൈ.എസ്.പി/ എ.സി.പി പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകളിൽ 2025 മാർച്ച് മാസം മുതൽ 'സ്നേഹിത- പോലീസ് എക്സ്റ്റൻഷൻ സെന്ററുകൾ' ആരംഭിച്ചു.
2. 'ക്രൈം മാപ്പിംഗ്'.
* സ്ത്രീസൗഹ്യദ പ്രാദേശിക ഇടം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളുടെ മാതൃകകൾ മാപ്പ് ചെയ്യാനും, ദൃശ്യവൽക്കരിക്കാനും വിശകലനം ചെയ്യാനുമായി ആരംഭിച്ച പദ്ധതി.
* കഴിഞ്ഞ 3 വർഷങ്ങളിലായി 320 സി.ഡി.എസ്സുകളിൽ നടപ്പിലാക്കി.
* 2025 -26 സാമ്പത്തിക വർഷത്തിലെ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു.
3. 'ധീരം-കരാട്ടെ പരിശീലനം '
* സ്ത്രീ ശാക്തീകരണത്തിന്റെ ഭാഗമായി ശാരീരിക ക്ഷമതയും സ്വയം പ്രതിരോധശേഷിയും ഉറപ്പു വരുത്താൻ 2023ൽ ആരംഭിച്ച പദ്ധതി.
* ഇതുവരെ (2023-2025) 2004 പേർക്ക് ഈ പദ്ധതി വഴി കരാട്ടെ പരിശീലനം നൽകി .
4. 'സ്ത്രീപക്ഷ നവകേരളം'.
* സ്ത്രീധനത്തിനും സ്ത്രീപീഡനത്തിനും എതിരെ 2021-22 സാമ്പത്തികവർഷം നടപ്പിലാക്കിയ പ്രചാരണ പദ്ധതി.
5. 'രംഗശ്രീ കമ്യൂണിറ്റി തിയേറ്റർ ഗ്രൂപ്പ്' -
* സാംസ്കാരിക മേഖലയിലെ സ്ത്രീ സാന്നിധ്യം ഉറപ്പാക്കുന്നതിനും , ജനോപകാരപ്രദമായ പരിപാടികളും ബോധവത്കരണവും നടത്തുന്നതിനുമായി ആരംഭിച്ച പദ്ധതി.

6. 'നയീചേതന' -
* ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (എൻ.ആർ.എൽ.എം) ന്റെ ആഭിമുഖ്യത്തിൽ ലിംഗാധിഷ്ഠിത അതിക്രമങ്ങൾക്കെതിരെയും ലിംഗവിവേചനത്തിനെതിരെയും ദേശീയ ജെൻഡർ ക്യാമ്പയിൻ സംഘടിപ്പിച്ചു.
7. അന്താരാഷ്ട്ര വനിതാദിനം-
* എല്ലാ വർഷവും സമൂഹത്തിൽ ലിംഗനീതി ഉറപ്പു വരുത്തുക എന്ന ലക്ഷ്യം മുൻനിർത്തി മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാ ദിനാചരണം നടത്തി വരുന്നു.
8. 'ട്രാൻസ്ജെൻഡർ ഫോറം'
* ട്രാൻസ്ജെൻഡർ, ലൈംഗിക ന്യൂനപക്ഷ വിഭാഗങ്ങൾക്ക് തങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച

ചെയ്യാനും ബന്ധപ്പെട്ട വകുപ്പുകളുമായി സംയോജിച്ചുകൊണ്ട് ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കാനുമായി എല്ലാ ജില്ലകളിലും ട്രാൻസ്ജെൻഡർ ഫോറം രൂപീകരിച്ചു.

9. 'ജെൻഡർ സെൽഫ്ലേണിംഗ് പ്രോഗ്രാം (ജി.എസ്.എൽ.പി)'

* കുടുംബശ്രീ ഉദ്യോഗസ്ഥർ, റിസോഴ്സ് പേഴ്സൺമാർ, ഇതരവകുപ്പുകളിലെ ഉദ്യോഗസ്ഥർ, കുടുംബശ്രീ പ്രവർത്തകർ, വിദ്യാർഥികൾ, ഓക്സിലറി ഗ്രൂപ്പ് അംഗങ്ങൾ എന്നിവർക്കായി വിവിധ തലങ്ങളിൽ ലിംഗാവബോധ പരിശീലനങ്ങൾ സംഘടിപ്പിച്ചു വരുന്നു.

10. 'കമ്മ്യൂണിറ്റി കൗൺസിലർ'

* വിവിധ ലിംഗാധിഷ്ഠിത പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ഉടനടി പിന്തുണ നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംവിധാനം.

* നിലവിൽ വിവിധ ജില്ലകളിലായി 400 ഓളം കമ്മ്യൂണിറ്റി കൗൺസിലർമാർ കുടുംബശ്രീയുടെ കീഴിൽ പ്രവർത്തിക്കുന്നു.

11. 'ജെൻഡർ റിസോഴ്സ് സെന്റർ'

* ലിംഗവിവേചനം, സാമൂഹിക വാർപ്പുമാതൃകകൾ, ലിംഗാധിഷ്ഠിത അക്രമം, കുറഞ്ഞ ആരോഗ്യപോഷക നില, വിഭവങ്ങളിലേക്കുള്ള പരിമിതമായ ലഭ്യത തുടങ്ങിയ പല രൂപങ്ങളിലുള്ള ലിംഗ അസമത്വങ്ങൾ പരിഹരിക്കാനുള്ള കുടുംബശ്രീ സി.ഡി.എസ് തല സംവിധാനം.

* പഞ്ചായത്ത് തലത്തിൽ ഒരു നോഡൽ ഏജൻസിയായി ജെൻഡർ റിസോഴ്സ് സെന്ററുകൾ പ്രവർത്തിക്കുന്നു. എല്ലാ ജെൻഡർ റിസോഴ്സ്സെന്ററുകളിലും ഒരു കമ്മ്യൂണിറ്റി കൗൺസിലറുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്.

* നിലവിൽ 850 ഓളം ജെൻഡർ റിസോഴ്സ്സെന്ററുകൾ സംസ്ഥാനത്തിലുടനീളം വിവിധ സേവനങ്ങൾ നൽകിവരുന്നു.

12. 'വിജിലന്റ് ഗ്രൂപ്പ്'

* സ്ത്രീകൾക്കും കുട്ടികൾക്കും എതിരായ അതിക്രമങ്ങൾ തടയുന്നതിനുള്ള വാർഡ്തല സംരക്ഷണസേന.

13. ' ജെൻഡർ പോയിന്റ് പേഴ്സൺ'

* അയൽക്കൂട്ട , എ.ഡി.എസ്, സി.ഡി.എസ് തലങ്ങളിൽ പ്രവർത്തിച്ചു വരുന്നു.

* ലിംഗപദവി സംബന്ധമായ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞ് ഉടനടി ഇടപെടുകയും അത്തരം പ്രശ്നങ്ങളെ അതിജീവിക്കാനുള്ള സഹായം നൽകുകയും ചെയ്യുന്നു.

14. 'ഇന്റേണൽ കമ്മിറ്റി'

* തൊഴിലിടങ്ങളിലെ ലൈംഗികാതിക്രമങ്ങൾ (തടയൽ, നിരോധനം, പരിഹാരം), POSH ആക്ട് 2013 നിയമത്തിന്റെ ഭാഗമായി എല്ലാ ജില്ലാ മിഷനിലും സംസ്ഥാന മിഷനിലും ഇന്റേണൽ കമ്മിറ്റി രൂപീകരിച്ചു.

* സ്ത്രീകൾക്ക് സുരക്ഷിതമായ ജോലിസ്ഥലം ഉറപ്പു വരുത്തുന്നതിലും തൊഴിലിടങ്ങളിലെ വിവിധ ലിംഗാധിഷ്ഠിത അതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്നതിനും, അവ സംഭവിച്ചാൽ പരാതിപ്പെടാനും പരിഹാരം കണ്ടെത്താനും ഒരിടമായി ഇന്റേണൽ കമ്മിറ്റി പ്രവർത്തിച്ചു വരുന്നു.

15. ആന്റി ഹ്യൂമൻ ട്രാഫിക്കിങ്

* മനുഷ്യക്കടത്തിനിരയാകാൻ സാധ്യതയുള്ള വ്യക്തികളുടെ പ്രതിരോധ പുനരധിവാസ ഇടപെടലുകൾക്കായി കുടുംബശ്രീ ആരംഭിച്ച പദ്ധതി.

16. 'സ്നേഹിത കോളിംഗ് ബെൽ'

* ഒറ്റയ്ക്കോ ഒറ്റപ്പെട്ട സ്ഥലത്തോ താമസിക്കുന്ന വ്യക്തികളുടെ സംരക്ഷണവും സുരക്ഷയും ഉറപ്പാക്കാൻ ലക്ഷ്യമിട്ടുള്ള പ്രത്യേക പരിപാടി.

* കോവിഡ് കാലഘട്ടത്തിൽ ഒറ്റയ്ക്ക് താമസിക്കുന്ന മുതിർന്ന പൗരന്മാരെ കേന്ദ്രീകരിച്ചാണ് പരിപാടി വിപുലീകരിച്ചത്.

**<u>എഫ് എൻ എച് ഡബ്ള്യു</u>**

ഭക്ഷണം, ആരോഗ്യം, പോഷകാഹാരം, വാഷ് എന്നീ മേഖലകളുമായി ബന്ധപെട്ട് എസ്.ബി.സി.സി മൊഡ്യൂളുകൾ തയ്യാറാക്കി സംസ്ഥാനത്തുടനീളം എല്ലാ സി.ഡി.എസ്, എ.ഡി.എസ്, അയൽക്കൂട്ട തലങ്ങളിൽ അവബോധ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1.സന്തോഷ സൂചിക ഉയർത്തുക എന്ന ലക്ഷ്യത്തോടെ 154 റൂറൽ മോഡൽ സി ഡി എസ്സുകളിലും, 14 അർബൻ മോഡൽ സി ഡി എസ്സുകളിലും, ഹാപ്പി കേരളം എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

2.സി.ഡി.എസ്സ് തലത്തിൽ 891 ഭക്ഷ്യ മേളകളും 1112 പോഷകാഹാര പ്രദർശന മേളകളും സംഘടിപ്പിച്ചു

3.2023-24 കാലഘട്ടത്തിൽ എറണാകുളം സരസ് മേളയോടനുബന്ധിച്ച് 500 മില്ലറ്റ് വിഭവങ്ങൾ തയ്യാറാക്കി 'ബെസ്റ്റ് ഓഫ് ഇന്ത്യ വേൾഡ് റെക്കോർഡ്' കരസ്ഥമാക്കി

4.ശ്രദ്ധ കാൻസർ ബോധവത്കരണ ക്യാമ്പയിൻ: കുടുംബശ്രീ എഫ് എൻ എച് ഡബ്ള്യു വിഭാഗം MEDICON (മെഡിക്കൽ സ്റ്റുഡന്റസ് കോളേക്റ്റീവ് ഓഫ് കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്) മായി സംയോജിച്ച് ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ,

ആര്യാട് ബ്ലോക്കുകളിൽ എല്ലാ അയക്കൂട്ടങ്ങളിൽ നിന്നും 2 അംഗങ്ങൾക്ക് വീതം തിരഞ്ഞെടുക്കുകയും സ്ഥാനാർബുദം , ഗർഭാശയ ഗള കാൻസർ എന്നിവയെക്കുറിച്ചുള്ള അവബോധവും പ്രാഥമിക സ്ക്രീനിങ്ങും സംഘടിപ്പിച്ചു .2243 അയക്കൂട്ട അംഗങ്ങൾക്ക് പരിശീലനവും ബോധവത്കരണവും നൽകി. 2025. -26 കാലയളവിൽ മറ്റു ടി ബ്ലോക്കുകളിലെ മറ്റു അയൽക്കൂട്ടങ്ങളിലേക്കും പദ്ധതി പ്രവർത്തനങ്ങൾ നടത്തി വരുന്നു.

5.വനിതാ ശിശു വികസന വകുപ്പ് ,ആരോഗ്യ കുടുംബ ക്ഷേമവകുപ്പ് എന്നിവയുമായി സംയോജിച്ചു പോഷണ മാഹ് , പോഷണ പഖ്വാഡ ,TB. നിവാരണം,സിക്കിൾ സെൽ അനീമിയ നിവാരണം , മന്ത് രോഗ നിവാരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു .

6.എഫ്.എൻ.എച്ച്.ഡബ്ല്യു ഇമ്മേർഷൻ സൈറ്റുകളായ പാലക്കാട് ജില്ലയിലെ അട്ടപ്പാടി, വയനാട് ജില്ലയിലെ മാനന്തവാടി, കല്പറ്റ എന്നിവയിൽ ബെയിസ് ലൈൻ സ്റ്റഡി നടത്തി. ടി പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ മാർഗ്ഗരേഖ തയ്യാറാക്കി പ്രവർത്തനങ്ങൾ നടത്തി വരുന്നു.

7.ഒസ്റ ക്യാമ്പയിൻ തദ്ദേശീയ മേഖലകളിലെ അയൽക്കൂട്ടങ്ങളിൽ പോഷകാഹാരം, ആരോഗ്യം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ചർച്ചകൾ നടത്തുകയും, തദ്ദേശീയമായ ആവശ്യങ്ങൾ മനസിലാക്കാനുള്ള 9788 അയൽക്കൂട്ട അംഗങ്ങളിൽ പഠനം നടത്തുകയും തുടർ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു.

## **DDUGKY**

കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഡി ഡി യു ജി കെ വൈ. കേരളത്തിൽ കുടുംബശ്രീയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. 2016-2025 വർഷകാലയളവിൽ സംസ്ഥാനത്തെ 117247 ദരിദ്ര ഗ്രാമീണ യുവജനങ്ങൾക്ക് അവരുടെ അഭിരുചിക്കനുസൃതമായി വൈദഗ്ധ്യ പരിശീലനം നൽകി അവരുടെ കഴിവുകൾ വർധിപ്പിച്ചു ഏറ്റവും കുറഞ്ഞത് സംസ്ഥാനത്തെ 82073 യുവജനങ്ങൾക്ക് അനുയോജ്യമായ തൊഴിൽ ഉറപ്പുവരുത്തുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യം. നാളിതുവരെ 23315 പേർക്ക് തൊഴിൽ പരിശീലനം ആരംഭിക്കുകയും 25158 പേർക്ക് പരിശീലനം പൂർത്തീകരിക്കുകയും 18913 തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇത് കൂടാതെ അഡീഷണൽ ടാർഗറ്റ്

എന്ന നിലയിൽ 599 പേർക്ക് തൊഴിൽ പരിശീലനം ആരംഭിക്കുകയും 586 പേർക്ക് പരിശീലനം പൂർത്തീകരിക്കുകയും 462 തൊഴിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

**PMAY**

കുടുംബശ്രീ മുഖേന 'എല്ലാവർക്കും ഭവനം' എന്ന ലക്ഷ്യത്തോടെ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടേയും, നഗരസഭകളുടേയും സംയുക്താഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന ഭവന പദ്ധതിയാണ് പ്രധാനമന്ത്രി ആവാസ് യോജന (നഗരം) ലൈഫ്. സംസ്ഥാനത്തെ 93 നഗരസഭകളിലും പദ്ധതി നടപ്പിലാക്കിവരുന്നു. 2016 മുതൽ 888 ഡി.പി. ആറുകളിലായി 127048 വീടുകൾ നിർമ്മിക്കുന്നതിന് 5081.92 കോടി രൂപയുടെ പദ്ധതിയ്ക്ക് അനുമതിലഭിച്ചിട്ടുണ്ട്. പി.എം.എ.വൈ(നഗരം)-ലൈഫ് പദ്ധതി മുഖേന സ്വന്തമായി ഭൂമിയുള്ള 1,27,048 ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭിക്കുകയും 93,210 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു . ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്ക് ലൈഫ് മിഷനുമായി സംയോജിപ്പിച്ചുകൊണ്ട് പാർപ്പിട സമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നു. ഈ ഘടകത്തിൽ ഉൾപ്പെടുത്തി 11 പാർപ്പിട സമുച്ചയങ്ങളിലായി 970 പാർപ്പിട യൂണിറ്റുകൾ നിർമ്മിക്കുന്നതിനുള്ള അനുമതി ലഭിക്കുകയും ഇതിൽ 530 യൂണിറ്റുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. കുറഞ്ഞ പലിശ നിരക്കിൽ ഭവന നിർമ്മാണത്തിന് വായ്പ അനുവദിക്കുന്ന ക്രെഡിറ്റ് ലിങ്ക്ഡ് സബ്സിഡി ഘടകത്തിൽ ഉൾപ്പെടുത്തി, 32651 ഗുണഭോക്താക്കൾക്ക് വായ്പ അനുവദിക്കുകയും ചെയ്തു.

**NULM**

2015 മെയ് മാസം മുതൽ കേരളത്തിലെ 14 ജില്ലാ ആസ്ഥാനങ്ങളിൽ നിർവഹണം ആരംഭിച്ച ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയാണു നാഷണൽ അർബൻ ലൈവ്ലിഹുഡ് മിഷൻ (എൻ.യു.എൽ.എം). കേന്ദ്രമന്ത്രാലയത്തിൻറെ അനുമതിയോടെ 2016 നവംബർ മാസം 01-ാം തീയതി മുതൽ മറ്റ് 79 നഗരസഭകളിലേയ്ക്കും പദ്ധതി വ്യാപിപ്പിച്ചു. പദ്ധതി പ്രവർത്തനങ്ങൾക്കായി കേന്ദ്ര-സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിലാണ് ലഭ്യമാകുന്നത്. കുടുംബത്തിന്റെ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ താഴെയുള്ള നഗരസഭാപരിധിയിൽ

താമസിക്കുന്ന വ്യക്തികൾ/വ്യക്തികൾ ഉൾപ്പെടുന്ന ഗ്രൂപ്പുകളാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കളാകുന്നത്. നഗരങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യമാക്കി, കുടുംബശ്രീ നോഡൽ ഏജൻസിയായി 1998 മുതൽ 2013 വരെ നഗരസഭകളിൽ നടപ്പിലാക്കിയിരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ സ്വർണ്ണ ജയന്തി ഷെഹരി റോസ് ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ) നിർത്തലാക്കിയ ശേഷമാണു എൻ യു എൽ എം ആരംഭിച്ചത്.

പ്രസ്തുത പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി നടത്തിയ പ്രവർത്തനങ്ങളുടെ ഭാഗമായ സുപ്രധാന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

1. ദേശീയ സ്പാർക്ക് റാങ്കിങ്ങിൽ തുടർച്ചയായി ഏഴ് വർഷ പുരസ്കാരം: പദ്ധതി മികവിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം നൽകുന്ന ദേശീയ പുരസ്കാര റാങ്കിങ്ങിൽ കഴിഞ്ഞ ഏഴ് വർഷങ്ങളിലും പുരസ്കാരം നേടിയത് വഴി 85 കോടി രൂപ കുടുംബശ്രീക്ക് ലഭ്യമായിരുന്നു. നഗര ദരിദ്രരുടെ ജീവിതത്തിൽ സർവതല സ്പർശിയായ വികസനം കൊണ്ട് വരുന്നതിനാവശ്യമായ പദ്ധതി പ്രവർത്തനങ്ങൾക്കാണ് ഈ തുക ചെലവഴിക്കുന്നത്.

2. നഗര ഉപജീവന കേന്ദ്രങ്ങൾ (സി.എൽ.സി): നഗരപ്രദേശങ്ങളിൽ സ്വയംതൊഴിൽ പദ്ധതിയിലേർപ്പെട്ടിരിക്കുന്ന വ്യക്തികൾ, അസംഘടിത മേഖലയിൽ ജോലി ചെയ്യുന്ന വ്യക്തികൾ (കെട്ടിട നിർമ്മാണം, പ്ലംബിംഗ്, ഇലക്ട്രിക്കൽ, മരപ്പണി, പൂന്തോട്ട നിർമ്മാണം തുടങ്ങിയവ) എന്നിവർക്ക് തങ്ങളുടെ ഉൽപന്നങ്ങൾ/ സേവനങ്ങൾ ആവശ്യക്കാർക്ക് എത്തിക്കുന്നതിന് സഹായകമായി നഗര ഉപജീവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നഗരസഭകൾക്ക് ധനസഹായം നൽകുന്നു. നാളിതുവരെ 13 നഗര ഉപജീവന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു. ഇത്തരത്തിൽ ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് 10 ലക്ഷം രൂപയാണ് അനുവദിച്ചു നൽകുന്നത്. ഗുരുവായൂർ നഗരസഭയിൽ ഇത്തരത്തിൽ സ്ഥാപിച്ച നഗരം ഉപജീവന കേന്ദ്രം ദേശീയ തലത്തിൽ തന്നെ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. 140 കുടുംബശ്രീ കുടുംബാംഗങ്ങൾക്ക് പ്രസ്തുത സി.എൽ.സി വഴി തൊഴിൽ നൽകാൻ സാധിച്ചിട്ടുണ്ട്. ഉപജീവന കേന്ദ്രത്തിന്റെ കീഴിൽ ഡോർ മെറ്ററി സൗകര്യം, സ്ത്രീകളക്ക് സുരക്ഷിതമായി താമസിക്കുന്നതിനുള്ള ഷീ ലോഡ്ജ്, ഗുരുവായൂർ ദേവസ്വത്തിന് കീഴിലുള്ള ഗസ്റ്റ് ഹൗസ് വയോജന കേന്ദ്രം എന്നിവയുടെ പ്രവർത്തനങ്ങളും ഏറ്റെടുത്ത് നടത്തുന്നുണ്ട്.

3. കുടുംബശ്രീ ഇനിഷിയേറ്റീവ് ഫോർ ബിസിനസ്സ് സൊല്യൂഷൻസ് (KIBS): കൊച്ചി മെട്രോയിലേക്ക് ഫെസിലിറ്റി മാനേജ്മെന്റ് സേവനങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി 2017 ൽ, കുടുംബശ്രീക്ക് കീഴിൽ ഒരു ഫെസിലിറ്റി മാനേജ്മന്റ് സംവിധാനം ആരംഭിച്ചിരുന്നു. പ്രസ്തുത എഫ്എംസിയുടെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലീകരിക്കുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കി, സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പൊതുമേഖല/ സ്വകാര്യ/ സർക്കാർ സ്ഥാപനങ്ങളിൽ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2021 ൽ കുടുംബശ്രീ മിഷന്റെ കീഴിൽ, 1955 ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യശാസ്ത്രീയ ധാർമികസംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം, കുടുംബശ്രീ ഇനിഷ്യറ്റിവ്ഫോർ ബിസിനസ്സ് സൊല്യൂഷൻ (KIBS) എന്ന പേരിൽ ഒരു ചാരിറ്റബിൾ സൊസൈറ്റി രജിസ്റ്റർ ചെയ്യുവാൻ സർക്കാർ അംഗീകാരം ലഭിക്കുകയും ആയതു പ്രകാരം 09.09.2021 ന KIBS രൂപീകരിക്കുകയും ചെയ്തു. KIBS രൂപീകരിച്ച ശേഷം ഇൻഡസ്ട്രീസ് ഡിപ്പാർട്ട്മെൻറ്, മെഡിക്കൽ കോളേജ് (എറണാകുളം), കിലസഹ്യാദ്രി മന്ദിരം (തൃശ്ശൂർ), റെയിൽവേ മെയിൽ സർവീസ് (എറണാകുളം), വൈറ്റില മൊബിലിറ്റി സെക്യൂരിറ്റി സർവ്വീസ് ജി.സി.ഡി.എ, ഐ.ഐ.ടി പാലക്കാട്, കളമശേരി മെഡിക്കൽകോളേജ്, വാട്ടർ മെട്രോ, തൈക്കാട് പി.ഡബ്ല്യൂ.ഡി റെസ്റ്റ് ഹൗസ്, സ്പൈസസ് ബോർഡ്, കൊച്ചി ഷിപ്പ് യാർഡ് എന്നീ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടുകയും ആകെ 1190 പേർക്ക് തൊഴിൽ ലഭ്യമാക്കുകയും ചെയ്തു.

4. ചലനം മെന്റർഷിപ്പ് പ്രോഗ്രാം:

നഗര സി.ഡി.എസ്സുകളെ ചലനാത്മകമാക്കൽ എന്ന ലക്ഷ്യത്തോടെയാണ് ചലനം പരിശീലന പരിപാടി ആരംഭിച്ചത്. ആദ്യഘട്ടത്തിൽ സംസ്ഥാന തലത്തിൽ ഉപസമിതി കൺവീനർമാർക്ക് 4 ദിവസത്തെ പരിശീലനം ആസൂത്രണം ചെയ്ത് നടപ്പിലാക്കി. രണ്ടാം ഘട്ടത്തിൽ സുസ്ഥിരം സ്വയം പര്യാപ്തം നഗര സി.ഡി.എസ്സുകൾ എന്ന ടാഗ് ലൈനോടുകൂടി എല്ലാ ജില്ലകളിലും മെൻററിംഗ് ക്യാമ്പുകൾ നടത്തി. മൂന്നാം ഘട്ടമായി തിരഞ്ഞെടുത്ത 11 സി.ഡി.എസ്സ് കൾക്ക് 6 മാസ കാലത്തേക്ക് മെന്ററിംഗ് പിന്തുണ നൽകി സി.ഡി.എസ്സുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തി. മെന്റർഷിപ്പിന്റെ രണ്ടാം ഘട്ടമായി 18 സി ഡി എസ്സുകളെ തിരഞ്ഞെടുത്തു പ്രവർത്തനങ്ങൾ നടന്നുവരുന്നു.

**നേട്ടങ്ങൾ**

129 സി.ഡി.എസ്സുകളിലേയും ഉപസമിതി കൺവീനർമാർക്ക് ഉപസമിതി പ്രവർത്തനങ്ങളിലും കുടുംബശ്രീ ബൈലോയിലും അറിവ് പകരാ**ൻ** സാധിച്ചു. 129 സി.ഡി.എസ്സുകളിലേയും ഭാരവാഹികൾക്ക് ഒരുമിച്ചുള്ള പരിശീലനംവഴി സംഘബോധം വളർത്താനും കൂട്ടുത്തരവാദിത്തം ഏറ്റെടുത്ത് ചെയ്യാനുമുള്ള പ്രാപ്തി വർദ്ധിപ്പിച്ചു. സി.ഡി.എസ്സുകളിൽ കൂട്ടായ്മ വളർത്താനും ആശയവിനിമയത്തിന്റേയും സംയോജനത്തിന്റേയും പ്രാധാന്യം മനസ്സിലാക്കിക്കാനും സാധിച്ചു.·

11 സി.ഡി.എസ്സുകളിൽ NHG/ADS/CDS തലങ്ങളിലെ ഉപസമിതികൾ ശക്തമാക്കാനും ഇന്റേണൽ ഓഡിറ്റിംഗ് സംവിധാനം ആരംഭിക്കാനും സാധിച്ചു. 3 ഉത്പന്നങ്ങ**ൾ** ബ്രാൻഡ് ചെയ്യുന്നതിനും 11 ഉത്പന്നങ്ങ**ൾ** ബ്രാൻഡ് ചെയ്യുന്നതിനായി സജ്ജമാക്കുന്നതിനും സാധിച്ചു. 29 സി.ഡി.എസുകളിലും ഈ സി.ഡി.എസിലെ എ.ഡി.എസുകളിലും എല്ലാ ഭരണ സമിതി അംഗങ്ങൾക്കും പ്രത്യേക പരിശീലനം നൽകി. എ.ഡി.എസുകളിൽ നഗരസഭയുമായുള്ള സംയോജനത്തിലൂടെ ഓഫീസ് സംവിധാനം സജ്ജമാക്കി.

5. തെരുവ് കച്ചവടക്കാർക്കുള്ള പ്രത്യേക വായ്പാപദ്ധതി (പി.എം സ്വാനിധി): പരിമിതമായ മൂലധനം മാത്രം കൈമുതലായി പ്രവർത്തിക്കുന്ന തെരുവ് കച്ചവടക്കാർ കോവിഡ് 19 മഹാമാരിയെ തുടർന്നുള്ള അടച്ചിടലിനുശേഷം ജീവനോപാധി പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിന് വിവിധ തരത്തിലുള്ള ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. ലോക്ഡൗൺ കാലയളവിൽ കൈയ്യിലുണ്ടായിരുന്ന മൂലധനം നിത്യചെലവിനായി വിനിയോഗിക്കുക മാത്രമല്ല സാധ്യമായ ഇടങ്ങളിൽ നിന്നെല്ലാം അനൗപചാരിക വായ്പകൾ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇക്കൂട്ടരുടെ ജീവനോപാധി പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള കൈത്താങ്ങ് എന്ന നിലയിൽ കേന്ദ്രസർക്കാർ ആവിഷ്കരിച്ചിരിക്കുന്ന വായ്പാ പദ്ധതിയാണ് 'പ്രധാനമന്ത്രി സ്ട്രീറ്റ് വെൻഡർ ആത്മനിർഭർ നിധി ' (പി.എം സ്വാനിധി) ലോൺ സ്കീം. ഈ സ്കീം കേരളത്തിലെ 93 നഗരസഭകളിലും നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഭാഗമായി ആദ്യ ഘട്ടത്തിൽ 10,000 രൂപ വീതം തെരുവ് കച്ചവടക്കാർക്ക് 7 ശതമാനം പലിശ ഇളവോടെ ഒരു

വർഷക്കാലയളവിൽ ബാങ്ക് വായ്പ അനുവദിക്കുന്നു. ഈ തുക കൃത്യമായി അടച്ചുതീർക്കുന്ന തെരുവ് കച്ചവടക്കാർക്ക് 20,000/-രൂപ വീതം രണ്ടാം ഘട്ട വായ്പയായും 50,000/-രൂപ അടുത്ത ഘട്ടമായും ലഭ്യമാക്കുന്നു. 119301 പേർക്ക് ഇത്തരത്തിൽ ലോൺ ലഭ്യമാക്കുന്നതിനും ദേശീയ തലത്തിൽ ആദ്യ അഞ്ചു സ്ഥാനങ്ങളിൽ ഒന്നിൽ എത്തുന്നതിനും സംസ്ഥാനത്തിനു സാധിച്ചിട്ടുണ്ട്.

6. മോഡൽ ക്യാമ്പയിൻ: സ്വയംപര്യാപ്തവും സുസ്ഥിരവുമായ സംഘടനാ സംവിധാനത്തിലെ മാതൃകകൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് മാതൃകാ ക്യാമ്പയിനുകൾ ആരംഭിച്ചത്. സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്ന തരത്തിലാണ് കുടുംബശ്രീയെ സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനത്തെ ക്രമപ്പെടുത്തിയിരിക്കുന്നത്. കുടുംബശ്രീ ബൈലോയിൽ ആയതനുസൃതമായിട്ടുള്ള വ്യവസ്ഥകൾ പ്രതിപാദിച്ചിട്ടുണ്ട്. ആയതിനാൽ സ്വയം പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാനും നടപ്പിലാക്കാനും ഓരോ സി.ഡി.എസ്സിനും അധികാരമുണ്ട്. സ്വന്തമായി ഫണ്ടുകൾ കണ്ടെത്താനും, പ്രദേശത്തെ ക്ലേശങ്ങൾ നേരിടുന്നവരെ കണ്ടെത്തി, അവരുടെ വികസനത്തിനും വളർച്ചക്കും അനുയോജ്യമായ പദ്ധതികളും നയസമീപനങ്ങളും ആസൂത്രണം ചെയ്യുന്നതിനും സഹായകമാകും വിധം സംഘടനാ സംവിധാനത്തെ ഉയർത്തിക്കൊണ്ടു വരേണ്ടതുണ്ട്. ഇത്തരത്തിൽ സ്വയം പര്യാപ്ത സി.ഡി.എസ്സുകളെയും എ.ഡി.എസ്സുകളേയും എ.ഡി.എസ്സ്/ അയൽക്കൂട്ടങ്ങളേയും വളർത്തിയെടുക്കുക എന്നതാണ് ക്യാമ്പയിൻ ഉദ്ദേശിക്കുന്നത്.

നേട്ടങ്ങൾ

· 46 സി.ഡി.എസ്സുകൾക്ക് ഓഫീസ് അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും കമ്പ്യൂട്ടർ/ലാപ്ടോപ്പ് എന്നിവ വാങ്ങുന്നതിനുമായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകി.

· 14 സി.ഡി.എസ്സുകളിലെ ഭരണസമിതി അംഗങ്ങൾക്ക് വിഷൻ ബിൽഡിംഗ് ശില്പശാല, ആക്ഷൻ പ്ലാൻ, ബിസിനസ് ഡെവലപ്പ്മെന്റ് പ്ലാൻ എന്നിവ തയ്യാറാക്കി

· 32 സി.ഡി.എസ്സുകളിൽ വിഷൻ ബിൽഡിംഗ് ആദ്യ മൊഡ്യൂൾ പൂർത്തീകരിച്ചു.

· 118 എ.ഡി.എസ്സുകൾക്ക് ഓഫീസ് അന്തരീക്ഷം സജ്ജമാക്കുന്നതിന് ഒരു ലക്ഷം രൂപ ധനസഹായം നൽകി.

7. മോഡൽ എം.ഇ:

കുടുംബശ്രീയുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നഗരങ്ങളിലെ സംരംഭങ്ങളിൽ നല്ല പ്രകടനം കാഴ്ച വയ്ക്കുന്ന സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു, ആയതു കണ്ടെത്തി വേണ്ടുന്ന പരിശീലനം നൽകി മറ്റ് പിന്തുണാ സഹായം നൽകി ജില്ലാ തലത്തിൽ മോഡൽ സംരംഭങ്ങളായി മാറ്റുകയും തുടർന്ന് മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനും വിഭാവനം ചെയ്തിരിക്കുന്നു. ആയതിൻ പ്രകാരം കേരളത്തിലെ 14 ജില്ലകളിൽ നിന്നും 2 വീതം സംരംഭങ്ങളെ തിരഞ്ഞെടുത്ത് നൽകുന്നതിന് ജില്ലാ മിഷൻ കോ ഓർഡിനേറ്റർമാർക്ക് നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ 12 ജില്ലകളിൽ നിന്നും 24 സംരംഭങ്ങളെ തിരഞ്ഞെടുത്ത് അവർക്ക് തുക അനുവദിച്ചിട്ടുണ്ട്. ഒരു സംരംഭത്തിന്ന് 1ലക്ഷം രൂപ വീതമാണ് അനുവദിച്ചിട്ടുള്ളത്. ഇതു 3 ഗഡുക്കളായി വിവിധ നാഴികക്കല്ലുകൾ താണ്ടുന്നതനുസരിച്ച തുക നൽകുന്നതാണ്.

8. റൂട്സ്(ROOTS) ക്യാമ്പയിൻ:

നഗര പ്രദേശങ്ങളിലെ എ.ഡി.എസ്സ് സംവിധാനം ശക്തമാക്കുന്നതിനും മിഷൻ ടീമിൽ മെന്ററിംഗ് കാഴ്ചപ്പാട് വളർത്തിയെടുക്കുന്നതിനുമായി ആരംഭിച്ചതാണു റൂട്സ് ക്യാമ്പയിൻ. Rejuvenation of Organization through Ownership, Togetherness and Support (ROOTS) എന്നതാണു റൂട്സിന്റെ (ROOTS) പൂർണ്ണ രൂപം. സംഘടനാ സംവിധാനത്തിനോടൊപ്പം സഞ്ചരിച്ച്, നിലവിലെ വിടവുകൾ കണ്ടെത്തി അവ പരിഹരിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയും മികച്ച എ.ഡി.എസ്/ അയൽക്കൂട്ടം ആയി മാറ്റുന്നതിനു സംവിധാനത്തെ പ്രാപ്തമാക്കുകയും ചെയ്യുന്ന രീതിയാണു സ്വീകരിക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട എ ഡി എസ്സുകൾക്കും എ.ഡി.എസ്സുകളിലെ അയൽക്കൂട്ടങ്ങൾക്കും മിഷൻ ടീം മെന്ററായി മാറണം എന്നാണു വിഭാവനം ചെയ്യുന്നത്. നഗര സി.ഡി.എസ്സുകളിൽ പ്രവർത്തിച്ച വരുന്ന കമ്മ്യൂണിറ്റി ഓർഗനൈസർ, എം ടി പി എന്നിവർക്ക് 4 വരെ എ.ഡി.എസ്സുകളുടെ പ്രത്യേക ചുമതല നൽകി എ.ഡി.എസ്സുകൾക്ക് മെന്ററിംഗ് പിന്തുണ നൽകുന്ന രീതിയാണു വിഭാവനം ചെയ്യുന്നത്.

നേട്ടം: 420 എ.ഡി.എസ്സുകളെ തെരഞ്ഞെടുത്തു, പ്രാഥമിക പഠനം നടത്തി ആക്ഷൻ പ്ലാൻ തയ്യാറാക്കി. ആക്ഷൻ പ്ലാനിന്റെ അടിസ്ഥാനത്തിൽ പ്രത്യേക ഇടപെടൽ നടന്നുവരുന്നു.

9. യു പി ആർ പി സംയോജനം:

സമ്പൂർണ്ണ നഗരവികസനം ലക്ഷ്യമാക്കിയുള്ള ഒരു ദാരിദ്ര്യ ലഘൂകരണ പരിപാടി തയ്യാറാക്കി സമർപ്പിക്കുക എന്നതാണ് യു.പി.ആർ.പി ലക്ഷ്യമിടുന്നത്. പൊതുവായ വളർച്ചയും പുരോഗതിയും ലക്ഷ്യമിട്ടുകൊണ്ടുള്ള സൂക്ഷ്മതല ആസൂത്രണ പരിപാടിയാണ് ഇതിനായി ആവിഷ്കരിച്ചിരിക്കുന്നത്. നഗരസഭകളുടെ വാർഷിക കർമ്മപദ്ധതി തയ്യാറാക്കുന്നതിന് മുൻപായി ഇപ്രകാരം സമ്പൂർണ്ണ വികസനം ലക്ഷ്യമിടുന്ന രീതിയിലുള്ള പ്ലാൻ തയ്യാറാക്കി സമർപ്പിക്കുന്ന രീതിയിലാണ് യു.പി.ആർ.പി നടപ്പിലാക്കുന്നത്.
അയൽക്കൂട്ട തലത്തിൽ ആവശ്യാധിഷ്ഠിത പ്ലാൻ തയ്യാറാക്കി എ.ഡി.എസ്സ് തലത്തിലും സി.ഡി.എസ്സ് തലത്തിലും ക്രോഡീകരിച്ച് ആവശ്യമായ കൂട്ടിച്ചേർക്കലുകൾക്ക് ശേഷം അന്തിമമാക്കുന്ന പ്ലാൻ നഗരസഭക്ക് സമർപ്പിക്കുന്നത് വഴി നഗരസഭകൾക്ക് യാഥാർത്ഥ്യത്തിലധിഷ്ഠിതമായ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കുന്നതിന് സഹായകമാകുന്നു. 2021 ലാണ് യു.പി.ആർ.പി ആരംഭിച്ചത്. തുടർന്നുള്ള വർഷങ്ങളിലെല്ലാം സി.ഡി.എസ്സുകൾക്ക് പരിശീലനങ്ങൾ നൽകി സി.ഡി.എസ്സ് തലത്തിൽ പ്ലാൻ തയ്യാറാക്കാൻ സാധിച്ചിട്ടുണ്ട്.

നേട്ടങ്ങൾ

· പ്രാദേശിക പ്ലാൻ തയ്യാറാക്കുന്നതിന് 129 സി.ഡി.എസ്സുകൾക്ക് പരിശീലനം നൽകി.
· ആദ്യ വർഷത്തിൽ എൺപതോളം നഗരസഭകളിൽ മാത്രമാണ് യു.പി.ആർ.പി തയ്യാറാക്കി സമർപ്പിക്കാൻ സാധിച്ചത് എങ്കിലും അതിൽ നിന്നും മുപ്പതോളം നഗരസഭകൾ പ്രോജക്ടുകൾ നഗരസഭാ പ്ലാനിൽ ഉൾപ്പെടുത്തി.
· മൂന്നാം വർഷത്തിലേക്ക് കടക്കുമ്പോൾ 129 സി.ഡി.എസ്സുകളിലേയും യു.പി.ആർ.പി തയ്യാറാക്കി സമർപ്പിക്കാൻ സാധിച്ചു.
· കഫറ്റീരിയ, വിപണന കേന്ദ്രം, സാനിട്ടറി പാഡ് വെൻഡിംഗ് മെഷീൻ, സാനിട്ടറി പാഡ് ഡിസ്പോസൽ മെഷീൻ, കുട്ടികൾക്ക് ലാപ്ടോപ്പ് & സ്റ്റഡി ടേബിൾ, ഹരിതകർമ്മസേനക്ക് വാഹനം, ജെൻഡർ റിസോഴ്സ് സെൻറർ, ബയോബിൻ തുടങ്ങി വിവിധ പദ്ധതികൾ നഗരസഭകളുടെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്താൻ സാധിച്ചു.
· നഗരസഭാ സംയോജനത്തിലൂടെ ബാലസഭാ കുട്ടികൾക്ക് പരിശീലനം, പഠനയാത്ര എന്നിവയും കുടുംബശ്രീ വനിതകൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള സഹായവും നൽകാൻ

സാധിച്ചു. എൽ.ഇ.ഡി ബൾബ് നിർമ്മാണ യൂണിറ്റ്, പേപ്പർ ബാഗ് യൂണിറ്റ്, അപ്പാരൽ പാർക്ക് തുടങ്ങിയ സംരംഭങ്ങൾ ആരംഭിക്കാൻ സാധിച്ചു.

10. ഐ എസ് ഒ സർട്ടിഫിക്കേഷൻ: ഓഫീസ് സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി കുടുംബശ്രീ സിഡിഎസ് ഓഫീസുകളെ ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ മിഷൻ സ്വീകരിച്ചു വരുന്നുണ്ട്. എൻ ആർ എൽ എം ഫണ്ട് പിന്തുണയോടെ ഗ്രാമ സി.ഡി.എസ്സുകളിൽ ഐ.എസ്.ഒ പ്രവർത്തനങ്ങൾ നടന്നു വരുന്ന സാഹചര്യത്തിൽ, തനതു ഫണ്ട്, എൻ യു എൽ എം ആർ ഒ ഫണ്ട് എന്നിവ പ്രയോജനപ്പെടുത്തിക്കൊണ്ട് ഐ.എസ്.ഒ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ നഗര സി.ഡി.എസ്സുകളിൽ നടന്നുവരുന്നു. ആകെ 129 സി.ഡി.എസ്സുകളിൽ 19 സി.ഡി.എസ്സുകൾ ഇതിനകം തന്നെ ഐഎസ്ഒ നിലവാരത്തിലേക്ക് ഉയർത്തിയിട്ടുണ്ട്. ഇതിൽ 14 സി.ഡി.എസ്സുകളിൽ തനതു ഫണ്ടും 5 സി.ഡി.എസ്സുകളിൽ എൻ യു എൽ എം ഫണ്ടുമാണു പ്രയോജനപ്പെടുത്തിയത്.

11. എൻ യു എൽ എം പ്രവർത്തന നേട്ടങ്ങൾ: പദ്ധതി നിർവഹണത്തിന്റെ ഭാഗമായി ചുവടെ പറഞ്ഞ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

· എൻ.യു.എൽ.എം ആകെ രൂപീകരിച്ച അയൽക്കൂട്ടങ്ങളുടെ എണ്ണം - 8458

· റിവോൾവിംഗ് ഫണ്ട് ലഭിച്ച അയൽക്കൂട്ടങ്ങളുടെ എണ്ണം (10,000/-രൂപ) – 13344

· റിവോൾവിംഗ് ഫണ്ട് ലഭിച്ച എ.ഡി.എസ്സുകളുടെ എണ്ണം (50,000/-രൂപ) - 414

· തൊഴിൽ നൈപുണ്യ പരിശീലനം പൂർത്തീകരിച്ച നഗര ദരിദ്രരുടെ എണ്ണം - 6825

· തൊഴിൽ നൈപുണ്യ പരിശീലനങ്ങളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് നേടിയ നഗര ദരിദ്രരുടെ എണ്ണം - 8262

· തൊഴിൽ നൈപുണ്യ പരിശീലനങ്ങളിൽ പങ്കെടുത്തവരിൽ ജോലി ലഭിച്ചവരുടെ/ സംരംഭം തുടങ്ങിയവരുടെ എണ്ണം - 5691

· ആരംഭിച്ച വ്യക്തിഗത സൂക്ഷ്മ സംരംഭങ്ങളുടെ എണ്ണം - 4449

· ആരംഭിച്ച ഗ്രൂപ്പ്തല സൂക്ഷ്മ സംരംഭങ്ങളുടെ എണ്ണം - 1455

· ലിങ്കേജ് ലോൺ ലഭ്യമാക്കിയ അയൽക്കൂട്ടങ്ങളുടെ എണ്ണം - 28029

· തെരുവുകളിൽ ഭവന രഹിതരായി

കഴിയുന്നവർക്കായി ഷെൽട്ടർ നിർമാണത്തിനായി അനുമതി നൽകിയ ഷെൽട്ടറുകളുടെ എണ്ണം - 39

· തെരുവുകളിൽ ഭവന രഹിതരായി കഴിയുന്നവർക്കായി നിർമ്മിച്ച പ്രവർത്തനക്ഷമമായ ഷെൽട്ടറുകളുടെ എണ്ണം - 31

· ഒ & എം കോസ്റ്റ് അനുവദിച്ച ഷെൽട്ടറുകളുടെ എണ്ണം - 21

· തിരിച്ചറിയൽ കാർഡ് ലഭ്യമാക്കിയ തെരുവ് കച്ചവടക്കാരുടെ എണ്ണം - 7022

· വെൻഡിംഗ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയ തെരുവ് കച്ചവടക്കാരുടെ എണ്ണം - 6537

· അനുമതി ലഭ്യമാക്കിയ വെന്ടിംഗ് മാർക്കറ്റുകളുടെ എണ്ണം - 6

. പണി പൂർത്തീകരിച്ച വെന്റിംഗ് മാർക്കറ്റ്കളുടെ എണ്ണം – 4

അമൃത് മിത്ര പദ്ധതി :

കുടുംബശ്രീ-ദേശീയ നഗര ഉപജീവന ദൗത്യവും അമൃത് മിഷനുമായി സംയോജിച്ചുകൊണ്ട് 2013 മുതൽ നഗര പ്രദേശങ്ങളിൽ ജലസ്രോതസുകളുടെ ഗുണപരത പരിശോധിക്കൽ, അടിസ്ഥാന സൗകര്യ പരിപാലനം, ബിൽ കളക്ഷൻ, പൊതു കളിസ്ഥലങ്ങളുടെയും പാർക്കുകളുടെയും പരിപാലനം, കുടിവെള്ള പരിശോധന തുടങ്ങിയ 196 പദ്ധതികൾ മൂന്നു ഘട്ടങ്ങളിലായി നടപ്പിലാക്കി വരുന്നത് വഴി അയൽക്കൂട്ട അംഗങ്ങളായ 1267 വനിതകൾക്ക് തൊഴിൽ ലഭ്യമാക്കി വരുന്നു.

LAKHPATHI DIDI

വാർഷിക കുടുംബ വരുമാനം 1,00,000രൂപയിൽ കൂടുതലുള്ള ഒരു സ്വയം സഹായ സംഘ അംഗമാണ് ലഖ്പതി . 2024-25 സാമ്പത്തിക വർഷം മുതൽ കുടുംബശ്രീ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ലക്ഷ്യം കാർഷിക,കാർഷികേതര മേഖലകളിൽ ഒന്നിലധികം ഉപജീവന മാർഗങ്ങളിലൂടെ ലഖ്പതിമാരെ സൃഷ്ടിക്കുക എന്നതാണ് .കാര്ഷിക മേഖലയിൽ ഉപജീവന സാധ്യതകളാകുന്ന പൊട്ടൻഷ്യൽ ലഖ്പതിമാരുടെ എണ്ണം77,702 ഉം കാർഷികേതര മേഖലയിൽ 41,161 ഉം ,മറ്റുള്ള മേഖലകളിൽ 9,08,145 ഉം ആണ് .2025-26 സാമ്പത്തിക വർഷത്തിൽ ലഖ്പതി ദീദിമാരകാൻ സാധ്യതയുള്ള 10 ലക്ഷം വനിതകളെ കണ്ടെത്തി ഉപജീവന സാധ്യതകളിലൂടെ അവരെ ലഖ്പതി ദീദിമാരാക്കാനാണ് പദ്ധതി .അതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

| | | | |
|---|---|---|---|
| | | | NRLM MIS<br><br>ലോകോസ്<br><br>ഗ്രാമീണ അയൽക്കൂട്ടം, എ ഡി എസ്, സി ഡി എസ് എന്നിവയുടെ പ്രൊഫൈലും ട്രാൻസാക്ഷനും ഡിജിറ്റലൈസ് ചെയ്യുന്നതിനായി എൻ ആർ എൽ എം 2023-24 സാമ്പത്തിക വർഷത്തിൽ തുടങ്ങിയ മൊബൈൽ ആപ്ലിക്കേഷനാണ് ലോകോസ്. ഇതിലൂടെ കേരളത്തിലെ 940 സി ഡി എസ്സുകളുടെയും, 15856 എ ഡി എസ്സുകളുടെയും, 2,40,355 അയൽക്കൂട്ടങ്ങളുടെയും പ്രൊഫൈൽ കുടുംബശ്രീ പൂർത്തീകരിച്ചിട്ടുണ്ട്. അതിന്റെ തുടർച്ചയായി ട്രാൻസാക്ഷൻ എൻട്രിയും എല്ലാ സി ഡി എസ്സുകളിലും ലോകോസിലൂടെ തുടങ്ങി കഴിഞ്ഞു. അയൽക്കൂട്ട വിവരങ്ങൾ കൃത്യമായി ശേഖരിക്കുന്നതിനാൽ ആനുകൂല്യങ്ങൾ യഥാർത്ഥ ഗുണഭോക്താവിന് തന്നെ ലഭ്യമാക്കാൻ കഴിയുന്നുണ്ട്. കൂടാതെ സാമ്പത്തിക ക്രയവിക്രയങ്ങളിലെ സുതാര്യതയും കൃത്യതയും ഉറപ്പാക്കാൻ കഴിയുന്നുണ്ട്.<br><br>സോഫ്റ്റ്‌വെയർ ഡെവലപ്പ്മെന്റ്:<br><br>കുടുംബശ്രീയുടെ വിവിധ പദ്ധതികൾക്ക് വേണ്ടി MIS എൻട്രിക്കായി Software develop ചെയ്തു നൽകുന്നതിന് മേൽനോട്ടം വഹിക്കുന്നു.<br><br>CLF Web Application :<br><br>ഗ്രാമീണ സി ഡി എസ്സുകളുടെ വിവിധ പ്രവർത്തനങ്ങളുടെ പുരോഗതി എൻട്രി ചെയ്യുന്ന വെബ് പോർട്ടൽ ആണ്. എല്ലാ മാസവും ഓരോ സി ഡി എസ്സിന്റെയും പ്രവർത്തന പുരോഗതി ഇതിലൂടെ വിലയിരുത്തി വരുന്നു. എല്ലാ സി ഡി എസ്സുകളെയും മാതൃക സി ഡി എസ്സുകളായി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |
| (ബി) | കുടുംബശ്രീ മുഖേന ഹാപ്പിനെസ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ നടപടികളുടെ പുരോഗതി അറിയിക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന കാര്യങ്ങൾ വിശദമാക്കാമോ; | (ബി) | ഹാപ്പി കേരളം' എന്ന ആശയത്തിലൂന്നിയുള്ള 'ഹാപ്പിനസ് സെന്ററുകളി'ലൂടെ കേരളത്തിലെ ഓരോ കുടുംബത്തെയും സന്തോഷത്തിന്റെ കേന്ദ്രങ്ങളാക്കാൻ തയാറെടുക്കുകയാണ് കുടുംബശ്രീ. സമൂഹത്തിലെ ഓരോ വ്യക്തിയുടെയും കുടുംബത്തിന്റെയും സമഗ്ര ക്ഷേമവും ഉന്നമനവും ഉറപ്പു വരുത്തി ഓരോ കുടുംബത്തെയും സന്തോഷത്തിന്റെ കേന്ദ്രങ്ങളാക്കി മാറ്റുകയാണ് ഹാപ്പിനസ് സെന്ററുകളിലൂടെ കുടുംബശ്രീ ലക്ഷ്യമിടുന്നത്. തുല്യത, സാമ്പത്തിക സുസ്ഥിരത, പരിസ്ഥിതി, കല, സാഹിത്യം, സ്പോർട്സ്, മാനസികാരോഗ്യം, പോഷകാഹാരം, ശുചിത്വം |

| | | | |
|---|---|---|---|
| | | | ജനാധിപത്യ മൂല്യങ്ങൾ തുടങ്ങി വിവിധ മേഖലകളിൽ ഒരു വ്യക്തിയോ കുടുംബമോ നേരിടുന്ന അപര്യാപ്തതകൾ പരിഹരിച്ച് അവരെ സന്തോഷകരമായ ജീവിതത്തിലേക്ക് നയിക്കുന്ന പ്രവർത്തനങ്ങളാണ് പദ്ധതിക്കായി ആസൂത്രണം ചെയ്യുന്നത്. കുട്ടികൾ, യുവജനങ്ങൾ, മുതിർന്നവർ, വയോജനങ്ങൾ തുടങ്ങി സമൂഹത്തിലെ ഓരോ വ്യക്തിക്കും സഹായകരമാകുന്ന രീതിയിലായിരിക്കും പദ്ധതി നടത്തിപ്പ്. 2024-2025 കാലയളവിലാണ് ടി പദ്ധതിയുടെ ആദ്യ ഘട്ട പ്രവർത്തനങ്ങൾ ആരംഭിച്ചത്. 154 മോഡൽ സിഡിഎസുകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്.തിരഞ്ഞെടുക്കപ്പെട്ട 154 മോഡൽ സിഡിഎസുകളിൽ ഒരു വാർഡിൽ ഒരു ഇടം എന്ന രീതിയിൽ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട് .ഒരു ഇടത്തിൽ പതിനഞ്ച് മുതൽ ഇരുപതു വരെ കുടുംബങ്ങളാനണ് ഉണ്ടാകുക. 3080 കുടുംബങ്ങൾ പ്രസ്ഉത പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. ഇടം രൂപീകരണ വേളയിൽ വിവിധ മേഖലകളിലെ വിദഗ്ധരുടെ സഹായത്തോടെ തയ്യാറാക്കിയ സന്തോഷ സൂചിക സർവ്വേ നടത്തിയിട്ടുണ്ട് .കൂടാതെ തുല്യത, സാമ്പത്തിക സുസ്ഥിരത, പരിസ്ഥിതി, കല, സാഹിത്യം, സ്പോർട്സ്, മാനസികാരോഗ്യം, പോഷകാഹാരം, ശുചിത്വം, ജനാധിപത്യ മൂല്യങ്ങൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ട് ഇടങ്ങളിൽ മൈക്രോ പ്ലാനുകൾ രൂപീകരിക്കുകയും ചെയ്തു. ടി മൈക്രോ പ്ലാനുകൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുകയും വിലയിരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങൾ നിലവിൽ ആരംഭിച്ചിട്ടുണ്ട്. ടി പ്രവർത്തങ്ങളുടെ ഭാഗമായി, മാനസികാരോഗ്യം, പോഷകാഹാരം എന്നീ മേഖലകളിലായി പ്രവർത്തനങ്ങൾ നടത്തുവാനായി പരിശീലന മൊഡ്യൂൾ തയ്യാറാക്കുകയും ജില്ലാ തല റിസോഴ്സ് പേഴ്സൺമാർക്കു പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. 2025 സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിലായി 154 മോഡൽ സി ഡി എസ്സുകളിലെ ഇടങ്ങളിലും പ്രസ്ഉത മൊഡ്യൂൾ പ്രകാരമുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും. 2025-26 കാലയളവിൽ അർബൻ മേഖലയിലെ 14 സി ഡി എസുകളിൽ കൂടി ഹാപ്പി കേരളം പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) | കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന അയൽക്കൂട്ടങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്ന നേട്ടങ്ങൾ വ്യക്തമാക്കാമോ? | (സി) | കേരള സംസ്ഥാനത്താകമാനം വ്യാപിച്ചു കിടക്കുന്ന വനിതകളുടെ ഒരു കമ്മ്യൂണിറ്റി ശൃംഖലയാണ് കുടുംബശ്രീ. സ്ത്രീശാക്തീകരണത്തിലൂന്നിയ സാമ്പത്തിക - സാമൂഹ്യ - ശാക്തീകരണത്തിലൂടെയുള്ള ദാരിദ്ര്യ |

നിർമാർജനമാണ് കുടുംബശ്രീയുടെ ലക്ഷ്യം. സ്വതന്ത്ര വനിതാ കൂട്ടായ്മയായ അയൽക്കൂട്ടത്തിന്റെ ഭരണപരവും സംഘടനാപരവുമായ പ്രവർത്തനത്തിലൂടെ ലഭിക്കുന്ന ശേഷിയും ആത്മവിശ്വാസവും മുഖേന സ്ത്രീകൾ സ്വയം ശാക്തീകരിക്കുന്നു. അയൽക്കൂട്ടം, എ.ഡി.എസ്, സി.ഡി.എസ് എന്നിങ്ങനെയുള്ള ത്രിതല സംഘടനാ സംവിധാനത്തിലൂടെ പ്രവർത്തിക്കുന്ന കുടുംബശ്രീ ലോകത്തിന് തന്നെ മാതൃകാപരമായ വനിതാ കൂട്ടായ്മയാണ്. നിലവിൽ 3.17 ലക്ഷം അയൽക്കൂട്ടങ്ങളിലായി 48.08 ലക്ഷം അംഗങ്ങളാണ് കുടുംബശ്രീ അയൽക്കൂട്ട സംവിധാനത്തിൽ ഉള്ളത്. കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പ്രധാന പ്രവർത്തനങ്ങൾ എന്നത് സൂക്ഷ്മ സാമ്പത്തിക പ്രവർത്തനങ്ങൾ, വിവിധ ഉപജീവന പ്രവർത്തനങ്ങൾ, സാമൂഹ്യ ശാക്തീകരണ പ്രവർത്തനങ്ങൾ എന്നിവയാണ്. 10 മുതൽ 20 വരെയുള്ള സ്ത്രീകളുടെ (ഒരു കുടുംബത്തെ പ്രതിനിധീകരിച്ച് ഒരു വനിത) കൂട്ടായ്മയാണ് അയൽക്കൂട്ടം.

കേവല ദാരിദ്ര്യനിർമാർജനത്തിനായി കേരള സർക്കാർ രൂപം കൊടുത്തിട്ടുള്ള നവീന ദാരിദ്ര്യ നിർമാർജന പദ്ധതിയാണ് കുടുംബശ്രീ അഥവാ കേരള സംസ്ഥാന ദാരിദ്ര്യ നിർമാർജന ദൗത്യം. സമ്പൂർണ ദാരിദ്ര്യ നിർമാർജന യജ്ഞം എന്ന ലക്ഷ്യം മുൻനിർത്തിയാണ് കുടുംബശ്രീ രൂപീകൃതമായത്. കുടുംബശ്രീ വഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ ചുവടെ ചേർക്കുന്നു.

a)സ്ത്രീ ശാക്തീകരണം, പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം: കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നീ ത്രിതല സാമൂഹ്യാധിഷ്ഠിത സംഘടനാ സംവിധാനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനും പ്രാദേശിക സാമ്പത്തിക വികസനത്തിനും ദാരിദ്ര്യ നിർമ്മാർജ്ജനത്തിനും വേണ്ടി പ്രവർത്തിക്കുക

b) ഗ്രാമപഞ്ചായത്ത്/നഗരസഭാ തദ്ദേശഭരണ പ്രദേശത്തു പ്രവർത്തിക്കുന്ന/സമാരംഭിക്കുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങളുടേയും (എൻ.എച്ച്.ജി.) ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികളുടേയും (എ.ഡി.എസ്.) ഏകോപനവും വ്യാപനവും മോണിറ്ററിംഗും നടത്തുക.

c) അയൽക്കൂട്ട കുടുംബങ്ങളുടെ പുരോഗതി: കുടുംബശ്രീ

അയൽക്കൂട്ട കുടുംബങ്ങളുടെ സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും മാനസികവുമായ പുരോഗതിക്കായി ഒരു അപ്പക്സ് സന്നദ്ധ സംഘമായി പ്രവർത്തിക്കുക.

d)പദ്ധതി ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് തുടങ്ങിയ പ്രവർത്തനങ്ങളിൽ കമ്മ്യൂണിറ്റി മോണിറ്ററിംഗ് ഏജൻസിയായി പ്രവർത്തിക്കുക

e) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനും സദ്ഭരണത്തിനും വേണ്ടി നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

f) പ്രാദേശിക ആസൂത്രണം ശക്തിപ്പെടുത്തുവാനും ഗുണനിലവാരം ഉയർത്തുവാനും സഹായിക്കുകന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കുക.

g) പ്രാദേശിക സാമ്പത്തിക വികസനം, ദാരിദ്ര്യ നിർമ്മാർജ്ജനം, വനിതാ ഘടക പദ്ധതി, സ്ത്രീ ശാക്തീകരണം, സദ്ഭരണം തുടങ്ങിയ രംഗങ്ങളിലെ വികസനാസൂത്രണത്തിൽ നേതൃത്വപരമായ പങ്കാളിത്തം വഹിക്കുക.

h)തദ്ദേശ സ്വയംഭരണ സർക്കാർ ഏൽപ്പിക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും വനിതാ ക്ഷേമ പദ്ധതികളും നടപ്പാക്കി ഉപജീവന സൗകര്യം അയൽക്കൂട്ടാംഗങ്ങൾക്ക് ഉണ്ടാക്കി സാമൂഹ്യമായി ഉയർന്ന് വരുന്ന മദ്യാസക്തി, കൊള്ളപലിശ, എന്നിവക്കെതിരെ ചലനാത്മകതയുള്ള സമീപനം സ്വീകരിച്ച് സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വം ഉറപ്പാക്കുക. 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് അവരുടെ വളർച്ചയ്ക്ക് വിഘാതമായി കാണുന്ന എല്ലാ ഘടകങ്ങളെയും ഇല്ലാതാക്കി സമഗ്രമായ വളർച്ചയ്ക്കുവേണ്ടി പ്രവർത്തിക്കുക.

i)അയൽക്കൂട്ട തലത്തിൽ മിതവ്യയ സമ്പാദ്യ/ വായ്പാ പരിപാടികൾ കാര്യക്ഷമമായി നടപ്പാക്കുന്നതിന് നേതൃത്വം നൽകുക,

J)സി.ഡി.എസ്. പ്രതിനിധാനം ചെയ്യുന്ന ഭൂപ്രദേശത്തിന്റെ പൊതുവേയും അയൽക്കൂട്ട കുടുംബങ്ങളുടെ പ്രത്യേകിച്ചുമുള്ള സ്വാശ്രയത്വത്തിന് ഉതകുന്ന തരത്തിൽ സാമൂഹിക സാമ്പത്തിക സൗകര്യങ്ങൾ പ്രാപമാക്കുന്നതിനുള്ള സർക്കാർ വകുപ്പുകൾ, അംഗീകൃത സ്ഥാപനങ്ങൾ, സർക്കാർ വികസന ഏജൻസികൾ, ധനകാര്യ സ്ഥാപനങ്ങൾ മുതലായവയുമായി അയൽക്കൂട്ടങ്ങളെ ബന്ധപ്പെടുത്തുവാനും, സഹകരണ സ്ഥാപനങ്ങളുടെ ഓഹരികൾ വാങ്ങുന്നതിനും നിക്ഷേപങ്ങൾ നടത്തുന്നതിനും വായ്പയെടുക്കുന്നതിനും സഹായിക്കുക.

| | | | |
|---|---|---|---|
| | | | k) അയൽക്കൂട്ടാംഗങ്ങളെ സ്വയംതൊഴിൽ സംരംഭങ്ങൾ കണ്ടെത്തുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും പ്രോത്സാഹനവും സഹായവും നൽകുക.<br><br>l)സാമൂഹിക സാമ്പത്തിക ശാക്തീകരണത്തിന് ഉതകുന്ന തരത്തിൽ ആശയപരവും സാങ്കേതികവുമായ പരിശീലനങ്ങൾ അംഗ കുടുംബാംഗങ്ങൾക്ക് ലഭ്യമാക്കുക.<br>m) പ്രാദേശിക സാമ്പത്തിക വികസനത്തിന് ഉതകുന്ന പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് പ്രായോഗികമാക്കുക.<br>n) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർ, എച്ച്ഐവി- എയ്ഡ്സ് രോഗികൾ, വയോജനങ്ങൾ, ട്രാൻസ് ജെൻഡേഴ്സ്, കുട്ടികൾ തുടങ്ങിയവരുടെ അവകാശങ്ങളും സാമൂഹ്യനീതിയും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുക.<br>o) ഉത്സാഹത്തോടെയും നിസ്വാർത്ഥമായും അന്തസ്സുറ്റ സന്നദ്ധ സാമൂഹ്യപ്രവർത്തനം നടത്തുന്ന വ്യക്തിത്വങ്ങളെ വാർത്തെടുക്കുക. |

സെക്ഷൻ ഓഫീസർ